കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം15/1564/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം

തിയ്യതി 26-07-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മൂന്നിയൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************************************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

mac.7/17

നം. കെ.എസ്.എ.എം.പി.എം 15/1564/2017 തിയ്യതി: 26-07-2017

## മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-10-2016 മുതൽ 26-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 27-06-2017 മുതൽ 05-07-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സുരേഷ് പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുന്നാസർ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ജിഷ കെ | ഓഡിറ്റർ |
| ശ്രീ. മുഹമ്മദ് ഫാസിൽ ടി ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി കുട്ടശ്ശേരി ഷരീഫ | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.സതീ ദേവി കെ | 01.04.2016 മുതൽ 31.05.2016 വരെ |
| ശ്രീമതി. ജയന്തി കെ<br>(സെക്രട്ടറി ഇൻ ചാർജ്) | 01.06.2016 മുതൽ 12.07.2016 FN വരെ |
| ശ്രീ. പ്രഭാകരൻ കെ<br>(സെക്രട്ടറി ഇൻ ചാർജ്) | 12.07.2016 AN മുതൽ 15.07.2016 FN വരെ |

| | |
|---|---|
| ശ്രീ.നാരായണൻ എം | 15.07.2016 AN മുതൽ 21.03.2017 FN വരെ |
| ശ്രീ. പ്രഭാകരൻ കെ (സെക്രട്ടറി ഇൻ ചാർജ്) | 21.03.2017 AN മുതൽ 31.03.2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ജയന്തി | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീ.പ്രഭാകരൻ | 01.08.2017 മുതൽ 31.03.2017 |
| അസി. എഞ്ചിനിയർ | ശ്രീ.നന്ദകുമാർ പി | 01.04.2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രജീഷ് സി കെ | 01.04.2016 മുതൽ 31.12.2016 വരെ |
| | ശ്രീമതി.സുജിഷ എൻ കെ | 01.01.2017 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി നീതു എൻ എസ് | 01.04.2016 മുതൽ 14.06.2016 വരെ |
| | ശ്രീമതി. സഫീറ സി പി | 15.06.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജൻ | ഡോ. ഐസക് ജോർജ്ജ് | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. വനജ കെ പി | 01.04.2016 മുതൽ 08.09.2016 വരെ |
| | ശ്രീമതി. റജീന ഒ | 09.09.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ മോഹൻകുമാർ ടി വി | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.സരിത പി | 01.04.2016 മുതൽ 07.08.2016 വരെ |
| | ഡോ. നിഷാത്ത് സി | 08.08.2016 മുതൽ 27.11.2016 വരെ |
| | ഡോ. ജഹാന ടി | 28.11.2016 മുതൽ 03.01.2017 വരെ |
| | ഡോ.ഈസ അരീക്കാടൻ | 04.01.2017 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. കെ സുശീല | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല | 2-1 | |
| 13 | തൊഴിൽ നികുതി പിരവിലെ അപാകതകൾ | 2-2 | |
| 14 | വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു | 2-3 | |
| 15 | ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല; ഗ്രാമപഞ്ചായത്തിന് വൻതുക നഷ്ടം | 2-4 | |
| 16 | വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 2-5 | |
| 17 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത്. | 2-6 | |
| 18 | ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകത. | 2-7 | |
| 19 | റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 2-8 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 20 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന്റെ 1.29 കോടി ലാപ്സായി | 3-1 | |
| 21 | മുൻകൂർ നൽകിയ തുകകൾക്ക് മുഴുവനായി മരുന്ന് ലഭ്യമായില്ല | 3-2 | |
| 22 | പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പർച്ചേസ് നടത്തി | 3-3 | |

| | | | |
|---|---|---|---|
| 23 | മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുകകൾ നാളിതുവരെ വിതരണം ചെയ്തില്ല | 3-4 | |
| 24 | ഷീ പാഡ് പ്രോജക്ട് - പ്രോജക്ട് അടങ്കൽ മുഴുവനായി മുൻകൂറായി നൽകി | 3-5 | |
| 25 | ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 3-6 | |
| 26 | പരിരക്ഷ പ്രോജക്ട് നിർവ്വഹണം | 3-7 | |
| 27 | മെഡിക്കൽ ഓഫീസർ സാധനങ്ങൾ വാങ്ങിയത് പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ | 3-8 | |
| 28 | മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല | 3-9 | |
| 29 | പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-അനർഹമായ കുട്ടിക്കും അനുവദിച്ചു | 3-10 | |
| 30 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര – മതിയായ രേഖകളില്ലാതെ അനുവദിച്ചു. | 3-12 | |
| 31 | വിനിയോഗ /കൈപ്പറ്റ് വിവരം ലഭ്യമായിട്ടില്ല | 3-13 | |
| 32 | പഞ്ചായത്ത് ഗ്രന്ഥാലയം നടത്തിപ്പിലെ പോരായ്മകൾ | 3-14 | |
| 33 | മുൻകൂർ തുക 51.48 ലക്ഷം ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 3-15 | |
| 34 | ഭാഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കി- നാളിതു വരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. | 3-16 | |
| 35 | ആശ്രയ പദ്ധതി- പുനരധിവാസ പ്രവർത്തനത്തിൽ പുരോഗതിയില്ല. | 3-17 | |
| 36 | പരപ്പിലാക്കൽ അങ്കണവാടി നിർമ്മാണം- പൂർത്തീകരിച്ചിട്ടില്ല | 3-18 | |
| 37 | കാലാവധിക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയിട്ടില്ല | 3-19 | |
| 38 | ഗ്രാമ പഞ്ചായത്ത് തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ് | 3-20 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 39 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 40 | ഡെപ്പോസിറ്റ് ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 42 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |

| | | | |
|---|---|---|---|
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 49 | Audit Certificate | 2 | |
| 50 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 51 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 52 | ബാലൻസ് ഷീറ്റ് | 5 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 09-03-2016 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 09/06/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28-06-2017 മുതൽ 29-06-17 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. താഴെ പറയുന്ന തുക നാളിതു വരെ ക്രമീകരിച്ചിട്ടില്ല.

a) പഞ്ചായത്ത് തനതു ഫണ്ട് സൂക്ഷിക്കുന്ന വെളിമുക്ക് സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ താഴെ പറയുന്ന ചെക്കുകൾ വിതരണം ചെയ്തിരുന്നുവെങ്കിലും നാളിതു വരെ ഗുണഭോക്താക്കൾ കൈപറ്റിയിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക (₹) |
|---|---|---|---|---|
| 64 | 24.08.2012 | 73277 | 24.08.2012 | 10,100 |
| 21400046 | 29.04.2014 | 73879 | 29.04.2014 | 158 |
| 21400080 | 05.05.2014 | 73886 | 05.05.2014 | 200 |
| | | | ആകെ | 10458 |

ടി തുക അധികമായി ബാങ്ക് അക്കൗണ്ടിൽ കിടക്കുന്നതിനാൽ ഓരോ മാസവും ബാങ്ക് ബുക്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിലെ തുകയോട് കൂട്ടി വരുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് ക്രമീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് മറുപടി നൽകി

b) പഞ്ചായത്ത് തനതു ഫണ്ട് സൂക്ഷിക്കുന്ന വെളിമുക്ക് സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് അക്കൗണ്ടിൽ 28 രൂപ ബാങ്കിലേക്ക് കളക്ഷൻ വേണ്ടി നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ തുക ബാങ്കിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

| വൗച്ചർ നമ്പർ | വൗച്ചർ തിയ്യതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തിയ്യതി | തുക |
|---|---|---|---|---|

| | | | | (₹) |
|---|---|---|---|---|
| 11402400016 | 24.02.2015 | 467555 | 04.12.2014 | 28 |
| | | | ആകെ | 28 |

ടി തുക ബാങ്ക് അക്കൗണ്ടിൽ കുറവായതിനാൽ ഓരോ മാസവും ബാങ്ക് ബുക്ക് പാസ്ബുക്കുമായി പൊരുത്തപ്പെടുത്തേണ്ടി വരുന്നതിനാൽ ടി തുക ബാങ്ക് ബുക്കിൽ നിന്ന് കുറച്ച് വരുന്ന രീതിയാണ് സ്വീകരിച്ചുവരുന്നത്. ആയത് കളക്ഷൻ വരുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ സത്വരമായി സ്വീകരിക്കുമെന്ന് അറിയിച്ചു.

2. സാമ്പത്തിക പത്രികകളിൽ മുൻവർഷത്തെ താരതമ്യ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ധനകാര്യ പത്രികയിൽ താരതമ്യത്തിനായി മുൻവർഷ തുകകൾ ഉൾപ്പെടുത്താനുള്ള കോളം നിലവിലുണ്ട്. “ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) ഡിസൈൻ ചെയ്ത സാംഖ്യ സോഫ്റ്റ് വെയറിൽ മുൻവർഷത്തെ തുകകൾ ജനറേറ്റ് ചെയ്യുന്നതിന് നിലവിൽ സംവിധാനമില്ല, ആയത് ആവശ്യമെന്നിരിക്കെ ഐ.കെ.എമ്മിനോട് നിർദ്ദേശിക്കുന്നതാണ് ” എന്നാണ് ഗ്രമ പഞ്ചായത്ത് ഇതു സംബന്ധിച്ച് മറുപടി നൽകിയത്. ധനകാര്യ പത്രികയിൽ താരതമ്യത്തിനായി മുൻവർഷ തുകകൾ ഉൾപ്പെടുത്താനുള്ള കോളം നിലവിലുണ്ട്.സാംഖ്യ സോഫ്റ്റ് വെയറിൽ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിതുടങ്ങിയിട്ട് അഞ്ചു വർഷമായെങ്കിലും സോഫ്റ്റ് വെയർ ഗ്രാമ പഞ്ചായത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് പൂർണ്ണ സജ്ജമായിട്ടില്ല എന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

3. ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂളിലെ താഴെ കൊടുത്തിരിക്കുന്ന ഹെഡിലെ തുകകൾബി-4 ഷെഡ്യൂളിൽ വരുന്ന തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഹെഡ് | ബി-17 പ്രകാരമുള്ളതുക | ബി-4 പ്രകാരമുള്ളതുക | വ്യത്യസം |
|---|---|---|---|
| ജലനിധി | 10,99,820 | 99,820 | 10,00,000 |

ജലനിധി ഫണ്ടിലെ ബി-4 ഷെഡ്യൂളിൽ ഗ്രാന്റുകളിലെ നീക്കിയിരിപ്പ് തുകകളാണ് വരേണ്ടതെന്നിരിക്കെ വ്യത്യസം ₹ 10,00,000 രൂപ ജലനിധി പദ്ധതി ആരംഭിക്കുന്നതിന് പഞ്ചായത്ത് വിഹിതം അഡ്വാൻസായി അക്കൗണ്ടിൽ നിക്ഷേപിച്ചതാണ്. ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകിയതിനാലാണ് ബി-4 ഷെഡ്യൂളിൽ ഉൾപ്പെടുത്താതിരുന്നതെന്നും അറിയിച്ചു. ഇക്കാര്യം അക്കൗണ്ട്സിനു മേലുള്ള കുറിപ്പുകളായി വാർഷിക ധനകാര്യപത്രികക്ക് കൂടെ ഉള്ളടക്കം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

4. വസ്തു നികുതി- തൻവർഷ ഡിമാന്റ് റജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് റജിസ്റ്റർ എന്നിവ വാർഡ് അടിസ്ഥാനത്തിൽ പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചു. ഓരോ വർഷാവസാനവും വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, അസസ്മെന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി, സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

5. വാർഷിക കണക്കിനൊപ്പം അക്കൗണ്ടുകളിൽമേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല. അക്കൗണ്ടുമായി ബന്ധപ്പെട്ട് അപാകതകൾ പരിഹരിച്ചതിന്റെയും മറ്റു പ്രധാന രേഖപ്പെടുത്തലുകളുടെ സംഗ്രഹം വാർഷിക ധനകാര്യപത്രികയോട് കൂടെ സൂക്ഷിക്കേണ്ടതാണ്.

6. 2015-16 വർഷം മുതൽ പുതിയതായി ആർജ്ജിച്ച ആസ്തികളെ (റോഡുകൾ, അങ്കണവാടി കെട്ടിടങ്ങൾ, കിണർ, ടാങ്ക് മുതലായവ) ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് ബന്ധപ്പെട്ട പ്രവർത്തികൾ ദ്രുത ഗതിയിൽ നടന്ന് വരികയാണ്. ആയത് ഉടൻ പൂർത്തീകരിക്കുമെന്ന് അറിയിച്ചു.

7. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാക്ഷ്യപ്പെടുത്തി സമർപ്പിച്ചു. ഓരോ മാസവും അതാതുസമയം തന്നെ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

8.പഞ്ചായത്തിന് പിരിഞ്ഞു കിട്ടാനുള്ള/ ലഭിക്കാനുള്ളവയിൽ ലഭ്യത സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ കഴിഞ്ഞ വർഷത്തെ അതേ തുക തന്നെയാണ് വെച്ചിട്ടുള്ളത്. മാറിമാറി വരുന്ന സർക്കാർ ഉത്തരവുകളിൽ പഞ്ചായത്തന്റെ വസ്തു നികുതി ഡിമാന്റ് വളരെ കുറഞ്ഞ സാഹചര്യത്തിൽ ലഭ്യത , സംശയാസ്പദമായ തുക ഇപ്പോൾ നിലവിലുള്ളതിനേക്കാൾ കൂടിയ സംഖ്യ കാണിക്കേണ്ടതില്ലാത്തതിനാലാണ് പ്രൊവിഷൻ സംഖ്യയിൽ മാറ്റം വരുത്താതിരുന്നത് എന്ന് അറിയിച്ചു. ഓരോ വർഷവും കുടിശ്ശികക്കാനുപാതികമായി പ്രോവിഷൻ

രേഖപ്പെടുത്തേണ്ടതാണ്.

9. ബാക്കിപത്രത്തിലെ ബാധ്യതാ ഭാഗത്ത് പഞ്ചായത്ത് ഫണ്ട് എന്നതിനു പകരം Muncipal (General) Fund എന്നാണ്, ആയത് മാറ്റം വരുത്തിയിട്ടില്ല. ആയതിനു കേരള മിഷനോട് ആവശ്യപ്പെട്ടു എന്ന് അറിയിച്ചു.

10. എൻ ആർ ഇ ജി എസ് - കേരള ഗ്രാമീൺ ബാങ്ക്

മുൻബാക്കി - 4,801 [RP- 40 (a)]

തൻവർഷ വരവ് - 7,48,704 [RP- 31]- Centrally Sponse- General

EFMS വരവ് - 1,31,33,821 (എൻ ആർ ഇ ജി എസ് )

ആകെ വരവ് തുക – 1,38,87,326

ചെലവ് തുക - 7,41,030 [RP- 16]- Total Poverty Alleviation Programs- General

EFMS ചെലവ്- 1,31,33,821

നീക്കിയിരിപ്പ് 12,475

[Income and Expenditure I-6 വരവ് & I-14(a) ചെലവ് = 13874851 (1,31,33,821+7,41,030) ]

ലഭ്യമായ കണക്കുകൾ പ്രകാരം യഥാർത്ഥത്തിൽ വരേണ്ടി വരുന്ന നീക്കിയിരിപ്പ് 12,475 രൂപയാണ് എന്നാൽ ബാങ്ക് ബുക്ക്/RP- 40 (b) യിലെ (AFS) കണക്ക് പ്രകാരം നീക്കിയിരിപ്പ് 7675 രൂപയമാണ്. വ്യത്യാസം 4800.
2015-16 സാമ്പത്തിക വർഷത്തിൽ വരവ് വന്ന 4800 രൂപ 15.11.2015 നം 29.03.2016 നം വരവായി രേഖപ്പെടുത്തി(2 തവണ). ടി റസീപ്റ്റ് ക്യാൻസൽ ചെയ്യുന്നതിന് 2016-17 വർഷത്തിൽ 4800 രൂപ പെയ്മെന്റ് ചെയ്യുകയുണ്ടായി എന്നാണ് മറുപടി നൽകിയത്. വരവ്-ചെലവുകൾ രേഖപ്പെടുത്തുമ്പോൾ അക്കൗണ്ട്സ് ഓഫീസർ ജാഗ്രത പുലർത്തേണ്ടതാണ്. ഒരു രസീപ്റ്റ് ഇല്ലാതാക്കുന്നതി അതേ തുകക്ക് മറ്റൊരു ചെലവ് കാണിക്കുന്നതിന് പകരം ആ രസീപ്റ്റ് അതാതു സമയം തന്നെ ക്യാൻസൽ ചെയ്യേണ്ടതാണ്.

11. പണമിടപാടുകൾ നടക്കാത്ത താഴെകൊടുത്തിട്ടുള്ളബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്തിട്ടില്ല.

| ബാങ്ക് | നീക്കിയരിപ്പ് തുക<br>(വാർഷിക ധനകാര്യ പത്രിക പ്രകാരം) |
|---|---|
| സ്റ്റേറ്റ് ബാങ്ക് - ചേളാരി (പെൻഷൻ) | 7,73,675 |
| സ്റ്റേറ്റ് ബാങ്ക് - എസ്.ജി.ആർ.വൈ | 17,968 |
| വെളിമുക്ക് സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് - സാക്ഷരത | 832 |

ഭരണ സമിതി തീരുമാന പ്രകാരം ക്ലോസ് ചെയ്യുന്നതായിരിക്കും എന്ന് അറിയിച്ചു.
12. വാർഷിക ധനകാര്യപത്രിക ബി -18 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന തുകകൾ മുൻകൂറായി നിർവഹണ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിൽ തുക ക്രമീകരിക്കേണ്ടതാണ്.

| ക്ര.ന | നിർവഹണ ഏജൻസി | മുൻകൂർ തുക |
|---|---|---|
| 1 | Advance to Implementing Agencies –<br>Deposit with Kerala Water Authority | 4290000 |
| 2 | Advance to Implementing Agencies –<br>Deposit with Kerala Eletricity Board | 540714 |

| | | |
|---|---|---|
| 3 | Advance to Implementing Agencies –<br>Deposit with Kerala Ground Water Department | 317976 |
| | ആകെ | 51,48,690 |

പ്രവർത്തി പൂർത്തികരിച്ചതിന്റെ യു.സി കിട്ടുന്ന മുറക്ക് മുൻകൂർ തുക ക്രമീകരിക്കുന്നതായിരിക്കും എന്ന് അറിയിച്ചു.

13. താഴെ പറയുന്ന ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പെർമിറ്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല |
| ക്രമവൽകൃത രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല |
| വസ്തു നികുതി ഡിമാന്റ് / കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ | വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭിച്ച ഡാറ്റയുടെ ആധികാരികത ഉറപ്പുവരുത്താനായില്ല |
| തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ | സാക്ഷ്യപ്പെടുത്തിയ സംക്ഷിപ്തത്തിൽ ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഉൾപ്പെടുത്തിയിട്ടില്ല |

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് സംക്ഷിപ്തം തയ്യാറാക്കി സമർപ്പിച്ചു. ഓരോ വർഷവും രജിസ്റ്ററുകൾ ക്ലോസ് ചെയ്ത് സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

14. മുൻവർഷ എ.എഫ്.എസ് പരിശോധനയിൽ ചൂണ്ടികാണിച്ച ക്ര.ന 3,4,8,9,11 എന്നിവ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പുഫയലാക്കി ഉള്ളടക്കം ചെയ്യേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,35,40,607.85 |
| വരവ് | 6,89,60,621 |
| ആകെ | 8,25,01,228.85 |
| ചെലവ് | 6,05,59,931 |
| നീക്കിയിരിപ്പ് | 2,19,41,297.85 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | നീക്കിയിരിപ്പ് 40(b) വാർഷിക ധനകാര്യപത്രിക പ്രകാരം | ചെലവു ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 17237416 | 17237416 | 15985929 | 12,51,487 | 0 | 93% |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 5331234 | 5331234 | 3695078 | 16,36,156 | 0 | 70% |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 15687 | 15687 | 0 | 15687 | 0 | 0% |
| സംരക്ഷണ ഗ്രാന്റ് | 0 | 4863942 | 4863942 | 4212685 | 6,51,257 | 0 | 87% |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| (റോഡ്) | | | | | | | | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 0 | 4784658 | 4784658 | 2675201 | 21,09,457 | 0 | 32% |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 0 | 9667476 | 9667476 | 6257757 | 34,09,719 | 0 | 65% |
| ലോക ബാങ്ക് സഹായം | കേന്ദ്ര വിഹിതം | 0 | 41,92,686 | 4192686 | 16,90,318 | 25,02,368 | 0 | 40% |
| | സംസ്ഥാന വിഹിതം | 0 | 13,30,541 | 1330541 | 0 | 13,30,541 | 0 | 0% |
| എൻ.ആർ.ഇ. ജി.എസ്. | | 4801 | 13877725 | 13882506 | 13874851 | 7675 | 7675 | |
| ബി ഫണ്ട് | | 0 | 54626395 | 54626395 | 54626395 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 170 | 7,27,40,460 | 102 | 4,55,02,281 | 11 | 57 | 60% |

നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം- സംക്ഷിപ്തം

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 33,47,400 | 4 | 23,25,400 | 0 | 0 | 100 |
| അസി. എഞ്ചിനീയർ | 101 | 3,63,26,565 | 61 | 1,93,06,508 | 3 | 37 | 60 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 11,20,350 | 5 | 10,77,256 | 0 | 0 | 100 |
| മെഡിക്കൽ ഓഫീസർ, (ആയുർവേദം) | 1 | 5,00,000 | 1 | 5,00,000 | 0 | 0 | 100 |
| വെറ്ററിനറി സർജൻ | 5 | 23,10,372 | 5 | 8,82,832 | 0 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 6 | 18,04,880 | 6 | 17,98,880 | 0 | 0 | 100 |
| ഐ.സി.ഡി.എസ് സൂപർവൈസർ | 3 | 65,71,200 | 3 | 64,69,410 | 0 | 0 | 100 |
| വി.ഇ.ഒ | 9 | 83,92,200 | 1 | 44,40,000 | 4 | 4 | 11% |
| അസിസ്റ്റൻറ് സെക്രട്ടറി | 10 | 39,80,000 | 4 | 29,55,078 | 3 | 3 | 40 |
| സെക്രട്ടറി | 26 | 84,03,180 | 12 | 57,46,917 | 1 | 13 | 46 |

## 1-7 <u>തനത് വരുമാനം</u>

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 46 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ<br>(ഇനം തിരിച്ച്)<br>വസ്തു നികുതി<br>സേവന നികുതി<br>തൊഴിൽ നികുതി<br>വിനോദ നികുതി<br>പരസ്യ നികുതി | 3877003<br>0<br>1674640<br>0<br>0<br>-----------------------<br>55,51,643 | 7512428<br>0<br>1889350<br>75000<br>0<br>-----------------------<br>94,76,778 | 39,25,135 | 71% |
| നികുതിയേതര വരവുകൾ<br>(ഇനം തിരിച്ച്)<br>ലൈസൻസ്<br>മാർക്കറ്റ് ബസ്റ്റാന്റ്<br>കെ പി ബി ആർ<br>ജനന മരണ വിവാഹം<br>വാടക<br>ലേലം | 71060<br>0<br>421600<br>78407<br>0<br>0<br>-----------------------<br>5,71,067 | 95400<br>0<br>445074<br>62990<br>0<br>0<br>-----------------------<br>6,03,464 | 32397 | 6% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്)<br>ഇൻഷ്വറൻസ് ക്ലെയിം ഓഡിറ്റ് ഓഡിറ്റ്<br>റിക്കവറി<br>ലൈബ്രറി<br>പോസ്റ്റ്<br>പലിശ (സ്ഥിര നിക്ഷേപം)<br>പലിശ (ബാങ്ക് അക്കൗണ്ടുകൾ) | 22,570<br>22,928<br>60<br>0<br>18,43,793<br>209550<br>269532 | 0<br>8637<br>60<br>3557<br>19,79,120<br>81,880<br>2,23,350 | 71829 | (-) 3% |

| | | | | |
|---|---|---|---|---|
| വിൽപന(ടെൻഡർ,ഫോമുകൾ,സ്റ്റോർ) | --------------------- 23,68,433 | --------------------- 22,96,604 | | |
| ആകെ | 84,91,143 | 1,23,76,846 | 38,85,703 | (+) 46 |

കുറിപ്പ് : മുൻ വാർഷിക ധനകാര്യപത്രിക പ്രാകാരമാണ് 2015-16 വർഷത്തെ കണക്കുകൾ എടുത്തിട്ടുള്ളത്

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 102360 | 62 |
| കർഷകതൊഴിലാളി പെൻഷൻ | 2746840 | 320 |
| വിധവാപെൻഷൻ | 18717580 | 1741 |
| വാർദ്ധക്യകാല പെൻഷൻ | 26326490 | 2467 |
| വികലാംഗ പെൻഷൻ | 5339020 | 566 |
| വിവാഹ ധനസഹായം (സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക്) | 570000 | 19 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 734105 | 73 |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 5 | 5 | 4 | - |
| 2 | കർഷകതൊഴിലാളി വേതനം | 8 | 8 | 0 | - |
| 3 | വിധവാപെൻഷൻ | 150 | 150 | 2 | - |
| 4 | വാർദ്ധക്യകാലപെൻഷൻ | 691 | 691 | 15 | - |
| 5 | വികലാംഗപെൻഷൻ | 52 | 52 | 1 | - |
| 6 | വിവാഹ ധനസഹായം | 12 | 12 | 2 | - |
| 7 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 | 10 | 1 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2311/- രൂപ ക്യാഷ് ബാലൻസ് /നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2013-14,2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യുന്നതിന് ഭരണ സമിതി പ്രത്യേകം അജൻണ്ട വെച്ച് യോഗം ചേർന്ന് ഓരോ ഖണ്ഡികകളും പ്രത്യേകം ചർച്ചാ വിഷയമാക്കിയിട്ടില്ല. 04.07.2016 ലെ ഭരണ സമിതി യോഗത്തിൽ ഒന്നാമത്തെ അജണ്ടയായി ഉൾപ്പെടുത്തുകയാണ് ചെയ്തത്. ആയതിനാൽ പ്രത്യേകം അജണ്ട വെച്ച് ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യാൻ യോഗം ചേരേണ്ടതാണ് . (1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14(3))

2. നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് പഞ്ചായത്തിൽ പദ്ധതി നിർവഹണത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ ഇരിപ്പിടമോ , പ്രോജക്ട് നിർവഹണവുമായി ബന്ധപ്പെട്ട ഫയലുകൾ സൂക്ഷിക്കുന്നതിന് അലമാരയോ ,മേശയോ ഒന്നും തന്നെ നൽകിയിട്ടില്ല. മുൻ വർഷങ്ങളിലെ ഓഡിറ്റിലും ഇക്കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എന്നാൽ നാളിതുവരെയും പഞ്ചായത്ത് വേണ്ട നടപടി സ്വീകരിക്കാതിരുന്നത് ശരിയായ സമീപനമല്ല.

3. Permanent Advance / Imprest തുക ക്യാഷ് ചെസ്റ്റിൽ ലഭ്യമല്ല

കാഷ് വെരിഫിക്കേഷൻ സമയത്ത്, പഞ്ചായത്തിന്റെ കാഷ് ചെസ്റ്റിൽ സ്ഥിരം മുൻകൂറായി സൂക്ഷിക്കുന്ന 200 രൂപ ഭൗതിക പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല. എന്നാൽ ബാക്കി പത്രത്തിൽ (B-18) 200 രൂപ കാണിച്ചിട്ടുമുണ്ട്. ഭൗതിക പരിശോധന കൂടാതെ ടി തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയ അക്കൗണ്ട്സ് ഓഫീസറിൽ നിന്ന് തുക ഈടാക്കി സ്ഥിരം മുൻകൂർ ക്യാഷ് ചെസ്റ്റിൽ സൂക്ഷിക്കേണ്ടതാണ്.

4.മാസ്റ്റർ ഇംക്യുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെയും പഞ്ചായത്തിലെ ജീവനക്കാരുടെയും പേര്,തസ്തിക, ഓഫീസിലെത്തിയ തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇംക്യുംബൻസി (എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങളും) രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ടി രജസ്റ്റർ സൂക്ഷിക്കാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങളും ജോലി ചെയ്യുന്ന ഓഫീസ് മുതലായ വിവരങ്ങളും ലഭ്യമാക്കുന്നത് പ്ലാൻ സെക്ഷന് ശ്രമകരമായ ജോലിയായി മാറുന്നു. ആയതിനാൽ അടിയന്തിരമായ മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

5.ദേശീയ പാത കടന്ന് പോകുന്ന പഞ്ചായത്തായതിനാൽ റോഡിന്റെ ഇരുഭാഗത്തും സ്ഥാപിച്ചിട്ടുള്ള കൂറ്റൻ പരസ്യങ്ങളിൽ നിന്നും ലഭ്യമാകേണ്ടിയിരുന്ന പരസ്യ നികതി പിരിച്ചെടുത്തതായി കാണുന്നില്ല.

6. പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ബജറ്റ്, പരിരക്ഷാ ഗുണഭോക്താക്കളുടെ പേരുവിവരം തുടങ്ങിയവ പ്രസിദ്ധീകരിച്ചിട്ടില്ല.

7.മെഡിക്കൽ ഓഫീസർ(അലോപ്പതി),ഹെഡ്മാസ്റ്റർ,ഐ.സി.ഡി.എസ് സൂപ്പർവൈസർ, കൃഷി ഓഫീസർ എന്നീ നിർവഹണ ഉദ്യഗസ്ഥർ പ്രൊജക്ട് രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. ഹെഡ്മാസ്റ്റർ ടി ആർ 7എ ക്യാഷ് ബുക്കിൽ പഞ്ചായത്തിന്റെ വരവ് - ചെലവ് രേഖപ്പെടുത്തി വെക്കുന്നില്ല. ,ഐ.സി.ഡി.എസ് സൂപ്പർവൈസർ ടി ആർ 7എ ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 20.04.2017 | ഫെബ്രുവരി മാർച്ച് 2017 | ഇല്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 03.07.06 മുതൽ 15.07.06 വരെ | 1997-98 മുതൽ2005-06 വരെ | 28/08/06 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്തിട്ടില്ല

സർക്കുലർ നമ്പർ 58725/എഫ്.എം.3.2008/ തസ്വഭവ/26.5.2011 അനുസരിച്ച് തനത് വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിന് പുറമേ ദേശസാൽകൃതബാങ്കിലോ സഹകരണബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രമായി നിക്ഷേപിക്കണം. ഗ്രാമ പഞ്ചായത്ത് വ്യത്യസ്ത ആവശ്യങ്ങൾക്ക് വേണ്ടി തുടങ്ങിയ ബാങ്ക് അക്കൗണ്ടുകൾ കാലങ്ങളായി ഇടപാടുകൾ ഇല്ലാതെ കിടക്കുകയാണ്. പ്രസ്തുത നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

| ക്ര.ന | ബാങ്ക് | A/c No | ബാലൻസ് തുക (AFS പ്രകാരം) | അവസാനം ഇടപാട് നടത്തിയത് (പാസ് ബുക്ക് പ്രകാരം) |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് - ചേളാരി (പെൻഷൻ) (കേന്ദ്ര ഗവൺമെന്റിന്റെ നോട്ട് പിൻവലിക്കലുമായി ബന്ധപ്പെട്ട് ടി അക്കൗണ്ട് തനതു ഫണ്ടിനു വേണ്ടി പുനരുപയോഗിക്കേണ്ട നിർബന്ധിത സാഹചര്യം ഉണ്ടായി) | 67291368508 | 7,73,675 | 26.12.2016 |
| 2 | സ്റ്റേറ്റ് ബാങ്ക് – തിരൂരങ്ങാടി എസ്.ജി.ആർ.വൈ | 57031225700 | 17,968 | 17.07.2008 |
| 3 | വെളിമുക്ക് സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് - സാക്ഷരത | 5331 | 832 | പാസ്ബുക്ക് ഇല്ല |

മേൽകാണിച്ച അക്കൗണ്ടുകൾ ക്ലോസ് ചെയ്ത വിവരം അറിയിക്കേണ്ടതാണ്. 10 വർഷത്തിൽ കൂടുതൽ കാലം ഇടപാടുകൾ(വാർഷികമായി ലഭിക്കുന്ന പലിശയെ ഇടപാടുകളായി(Transaction) പരിഗണിക്കാറില്ല) നടക്കാത്ത ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് നീക്കിയിരിപ്പ് തുക റിസേർവ് ബാങ്ക് Deaf Account ലേക്ക് മാറ്റാറുണ്ട്. തൽഫലമായ തുക നഷ്ടപ്പെട്ടും.ട്രഷറികളിൽ 5 വർഷത്തിൽ കൂടുതൽ കാലം ഇടപാടുകൾ നടക്കാതിരുന്നാൽ ഫണ്ട് ലാപ്സായി പോകുന്നതാണ്.

താഴെ പറയുന്ന അക്കൗണ്ടുകളിൽ 2016-17 ഇടപാട് ഒന്നും തന്നെ നടന്നിട്ടില്ല, പലിശ മാത്രമേ അക്രൂ ചെയ്തിട്ടുള്ളു.

| ക്ര.ന | ബാങ്ക് | A/c No | ബാലൻസ് തുക (AFS പ്രകാരം) | അവസാനം ഇടപാട് നടത്തിയത് (പാസ് ബുക്ക് പ്രകാരം) |
|---|---|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് – തിരൂരങ്ങാടി (ഇ-മണൽ) | 67249330574 | 1492359 | പാസ് ബുക്ക് ലഭ്യമല്ല |
| 2 | വെളിമുക്ക് സർവീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് - ദുരിതാശ്വാസ നിധി | 543 | 14,743 | 27.01.2009 |

| | | | | |
|---|---|---|---|---|
| 3 | സ്റ്റേറ്റ് ബാങ്ക് – തിരൂരങ്ങാടി ടി എസ് സി | 57031225788 | 177504 | 13.05.2013 |

ടി അക്കൗണ്ടുകൾ പുനരുജ്ജീവിപ്പിച്ച് ഫണ്ട് ലാപ്സായി പോകുന്നത് തടയേണ്ടതാണ്. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ എല്ലാ ബാങ്കിലും ഭൗതിക പരിശോധന നടത്തി ടി തുകകൾ യഥാവിധി ഉണ്ടോ എന്ന് അക്കൗണ്ട്സ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ അസ്സസ്മെന്റ് രജിസ്റ്റർ 1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) 5-ലെ മാതൃകയിൽ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽനികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(05/01.07.2017) മറുപടിയായി സ്ഥാപന രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചു. സ്ഥാപന രജിസ്റ്റർ തയ്യാറാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

2. ബി എസ് .എൻ എല്ലിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(05/01.07.2017) തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

3.ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. സ്ഥാപന തൊഴിൽ നികുതി അടവാക്കിയത് ഡി & ഒ ലൈസൻസ് രജിസ്റ്ററിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയത് തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിലേക്ക് മാറ്റി എഴുതിയിട്ടില്ല. 2016-17 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | അപേക്ഷ പ്രകാരമുള്ള ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉദ്ദേശ്യം | ഒരു ദിവസത്തെ വിറ്റുവരവ് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | 172 | ജെം പോളിമേഴ്സ് | പോളിപ്രൊപ്പിലീൻ ഷീറ്റ്നിർമിക്കുന്നതിന് | 4000 | 5 |

| | | | | | |
|---|---|---|---|---|---|
| 2 | 207 | ലഭ്യമല്ല | ഗ്ലാസ് ബൈവലിംഗ് ചെയ്യുന്നതിന് | ലഭ്യമല്ല | 6 |
| 3 | 218 | പി വി ആർ മെറ്റൽസ് | മെറ്റൽ ഇൻഡസ്ട്രി നടത്തുന്നതിന് | ലഭ്യമല്ല | 8 |
| 4 | 242 | സ്റ്റേൻഡേഡ് ഹോളോ ബ്രിക്സ് | ഹോളോബ്രിക്സ് നിർമാണം | 1000 | 3 |
| 5 | 254 | ടൈൽ ഹൗസ് സെറാമിക് സ്റ്റുഡിയോ | ടൈൽസ് , ഗ്രാനൈറ്റ് വിൽപന | ലഭ്യമല്ല | 4 |
| 6 | 269 | ശ്രീഭവൻ | ഹോട്ടൽ കച്ചവടം | ലഭ്യമല്ല | 4 |
| 7 | 300 | ന്യൂ ഇന്ത്യ മാർബിൾസ് & ഗ്രാനൈറ്റ് | ടൈൽസ് , മാർബിൾ ഗ്രാനൈറ്റ് വിൽപന | ലഭ്യമല്ല | 8 |
| 8 | 316 | എ.വി.എസ് ഫ്രൂട്ട്സ് | ഫ്രൂട്ട്സ് കച്ചവടം | 1500 | 3 |
| 9 | - | മഹിമ ടെക്സ്റ്റയിൽസ് | തുണിത്തരങ്ങൾ റെഡിമെയ്ഡ്സ് | 8000 | 4 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(05/01.07.2017) തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## 2-3 വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു

ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് ബാക്കി പത്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള) വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| | |
|---|---|
| തൻവർഷ കുടിശ്ശിക | 20,49,907 |
| മുൻവർഷങ്ങളിലെ കുടിശ്ശിക | 18,79,238 |
| ആകെ | 39,29,145<br>(ഗ്രന്ഥശാലാ വരി ഉൾപ്പെടെ ) |

പഞ്ചായത്ത് ഫണ്ടിലേക്ക് വരുന്ന വരവിനത്തിൽ മുഖ്യപങ്കും വഹിക്കുന്നത് വസ്തു നികുതിയാണ്. എന്നാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള (100%) നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു.

വസ്തു നികുതി സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പ്രിന്റ് ചെയ്ത് സംഗ്രഹം

സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല

## 2-4 ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല; ഗ്രാമപഞ്ചായത്തിന് വൻതുക നഷ്ടം

പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ പറയുന്ന ടെലിക്കമ്യൂണിക്കേഷൻ ടവറുകളുടെ ഉടമസ്ഥരിൽ നിന്നും നാളിതു വരെ കേരള പഞ്ചായത്ത് രാജ് നിയമം 203 പ്രകാരമുള്ള വസ്തു നികുതി വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. മൊബൈൽ ടവറിനെ കുറിച്ചുള്ള യാതൊരു വിവരവും ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററിൽ ലഭ്യമല്ല. ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ ടവറുകൾ പ്രവൃത്തിക്കുന്നുണ്ട്.

വിശദ വിവരം ചുവടെ നൽകുന്നു.

| ക്ര.ന | ടവർ പ്രവർത്തിക്കുന്ന സ്ഥലം | കമ്പനിയുടെ പേര് | അഭിപ്രായം |
|---|---|---|---|
| 1 | വെളിമുക്ക് | ലഭ്യമല്ല | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 2 | തലപ്പാറ | ലഭ്യമല്ല | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 3 | പടിക്കൽ | ലഭ്യമല്ല | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 4 | ചേളാരി -1 | ലഭ്യമല്ല | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല |
| 5 | ചേളാരി - 2 | ലഭ്യമല്ല | വസ്തു നികുതി ഡിമാന്റ് ചെയ്തിട്ടില്ല |

മേൽ സൂചിപ്പിച്ച സ്ഥലങ്ങളിൽ മൊബൈൽ ടവർ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ നാളിതു വരെ ടി ടവറുകൾ ക്രമവൽക്കരിച്ചിട്ടില്ല.ക്രമവൽകരിച്ച നൽകുന്നതിന്റെ ഇനത്തിലും വസ്തു നികുതി ഇനത്തിലും പഞ്ചായത്തിന് വലിയൊരു തുക നഷ്ടപ്പെട്ടു. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 243 പ്രകാരം ഗ്രാമ പഞ്ചായത്തിനു പിരിഞ്ഞ് കിട്ടാനുള്ള തുക മൂന്ന് വർഷത്തിനുള്ളിൽ പിരിച്ചെടുത്തിട്ടില്ലങ്കിൽ ആയവ നിയമപരമായി കാലഹരണപ്പെട്ടു. ടി ടവറുകൾ ക്രമവൽക്കരിക്കാത്തതിനും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (15/05.07.2017)ക്ക് മറുപടി ലഭിച്ചില്ല. നിയമപരമല്ലാത്ത നിർമ്മാണത്തിനെതിരെ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന (പാലക്കൽ) വില്ലേജ് ഓഫീസ് കെട്ടിടത്തിന് വസ്തു നികുതി നിർണയിച്ചിട്ടുണ്ടെങ്കിലും നാളിതു വരെ വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ടി കെട്ടിടത്തെ സെക്ഷൻ 207 ഡി പ്രകാരം നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 എച്ച് പ്രകാരം ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വിട്ടു കൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങൾക്കും മാത്രമേ നികുതി ഇളവ് അനുവദിച്ചിട്ടുള്ളൂ. വസ്തു നികുതി നിർണയ വിവരങ്ങൾ അടങ്ങിയ ഫോം 6 പ്രകാരം പ്രസ്തുത കെട്ടിടത്തിന് 30 വർഷം കാലപ്പഴക്കം ഉണ്ട്. ഓഫീസ് കെട്ടിടത്തിന്റെ ആകെ തറവിസ്തീർണം 31 ച.മീറ്ററാണ്. അടിസ്ഥാന വസ്തു നികുതി 30 രൂപ നിരക്കൽ ഇളവ്/വർദ്ധനവ് എന്നിവക്ക് ശേഷം വാർഷിക വസ്തു നികുതി നിശ്ചയിച്ചിരിക്കുന്നത് 2600രൂപയാണ്.

| | |
|---|---|
| വാർഷിക വസ്തു നികുതി | 2600 |
| ഗ്രന്ഥ ശാല വരി (5 %) | 130 |

| | |
|---|---|
| ആകെ | 2730 |

കേരളപഞ്ചായത്ത് രാജ് ആക്ട് 1994, സെക്ഷൻ 243 പ്രകാരം പഞ്ചായത്തിനു കിട്ടാനുള്ള ഏതെങ്കിലും നികുതിയോ മറ്റു സംഖ്യയോ മൂന്നു വർഷത്തിനുള്ളിൽ ഈടാക്കാത്തതിനാൽ കാലഹരണപ്പെട്ടുപോകും എന്ന് വ്യക്തമാക്കുന്നു. പഞ്ചായത്തിലെ 20-ാം വാർഡിൽ (പാലക്കൽ) 55 കെട്ടിട നമ്പറിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസിൽ നിന്നും വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിനും അനർഹമായി ടി കെട്ടിടത്തിന് നികുതി ഒഴിവാക്കികൊടുത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (16/05.07.2017)ക്ക് മറുപടി ലഭിച്ചില്ല. സമാപനയോഗത്തിൽ വില്ലേജ് ഓഫീസിൽ നിന്ന് വസ്തു നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

## 2-6 ലൈസൻസ് ഫീസ് കുറവായി ഈടാക്കിയത്.

താഴെ പറയുന്ന സ്ഥാപനങ്ങളിൽനിന്നും 2016-17 ലൈസൻസ് ഫീസ് /യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് കുറവായാണ് ഈടാക്കിക്കാണുന്നത്

| ക്രമ നമ്പർ | പേരും സ്ഥാപനവും കെട്ടിടനമ്പറും പ്രതിദിന വിറ്റുവരവ്/യന്ത്രത്തിന്റെ കുതിര ശക്തി | വാങ്ങിയത് | വാങ്ങേണ്ടത് | കുറവ് |
|---|---|---|---|---|
| 1 | മുഹമ്മദ് അഷ്റഫ്, ചാലിയം, പോളി പ്രോപ്പിലിയൻ ഷീറ്റ് നിർമ്മാണം(112HP)<br>JEM POLYMERS , VII/417 | 500 | 2000 | 1500 |
| 2 | എ.വിനോദ്കുമാർ, കടലുണ്ടി, (112HP)<br>GEM POLYPACK, , 7/417A | 500 | 2000 | 1500 |
| 3 | അബ്ദുറഹിമാൻ ബറോളി, കളരിക്കൽ,<br>GDS HYPER MARKET,<br>4/850 to 853, 862, 882<br>പ്രതിദിന വിറ്റുവരവ് 75000 | 500 | 2000 | 1500 |
| | ആകെ | 1500 | 6000 | 4500 |

കുറവ് വന്ന ലൈസൻസ് ഫീസ് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 ഓഫീസ് കെട്ടിടങ്ങളുടെ നികുതി നിർണയിച്ചതിലെ അപാകത.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപചാർജ്ജും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായ ഗണത്തിലുൾപ്പെടുന്നില്ല. ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ല. എന്നാൽ 27.04.2015 ലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ സർക്കാർ ഉത്തരവ് പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിക്കുമ്പോൾ വാണിജ്യ, വ്യവസായ വിഭാഗത്തിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് മാത്രമാണ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്ന് ഉത്തരവായിട്ടുള്ളത്. ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി വർദ്ധനവ് നിജപ്പെടുത്തി അനർഹമായി ഇളവ് നൽകി നികുതി നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ക്രമ നം | വാർഡ് / കെട്ടിട നം | കെട്ടിട ഉടമ | പഴയ നികുതി | 2011ലെ ചട്ട പ്രകാരം പുനർ നിർണ്ണയിച്ച കെട്ടിടത്തിന്റെ അടിസ്ഥാന വാർഷിക വസ്തു നികുതി +ഗ്രന്ഥ ശാല വരി (5% =ആകെ | അനർഹമായി പരിമിതപ്പെടുത്തി നിശ്ചയിച്ച വാർഷിക വസ്തു നികുതി +ഗ്രന്ഥ ശാല വരി (5%) = ആകെ | വസ്തു നികുതി പരിമിതപ്പെടുത്തിയതി നാലുണ്ടായ നഷ്ടം<br>(വസ്തു നികുതി +ഗ്രന്ഥ ശാല വരി) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | 1/377 | സെക്രട്ടറി ,IUML ചെർണ്ണൂർ കമ്മിറ്റി | 146 | 950+48=998 | 347+18=365 | 603+30=633 |
| 2 | 1/378 | സെക്രട്ടറി ,IUML ചെർണ്ണൂർ കമ്മിറ്റി | 195 | 750+38=788 | 464+24 = 484 | 286+14=300 |
| 3 | 1/379 | സെക്രട്ടറി ,IUML ചെർണ്ണൂർ കമ്മിറ്റി | 195 | 1080+54=1134 | 390+20 = 410 | 690+34=724 |
| 4 | 1/380 | സെക്രട്ടറി ,IUML ചെർണ്ണൂർ കമ്മിറ്റി | 121 | 675+34=709 | 303+16=319 | 372+18=390 |
| 5 | 1/381 | സെക്രട്ടറി ,IUML ചെർണ്ണൂർ കമ്മിറ്റി | 27 | 600+30=630 | 68+4=72 | 532+26=558 |
| 6 | 1/382 | സെക്രട്ടറി ,IUML ചെർണ്ണൂർ കമ്മിറ്റി | 37 | 1440+72 | 93+5=98 | 1347+67=1414 |
| 7 | 2/254 | സി.പി.ഐ.എം ബ്രാഞ്ച് ഓഫീസ് | 0 | ആകെ 15.36 ച.മീ - ടി കെട്ടിടത്തിന് നാളിതുവരെ പഞ്ചായത്ത് വസ്തു നികുതി നിർണയിച്ചിട്ടില്ല | | |
| 8 | 6/337 | ശ്രീ.തലാപ്പിൽ കട്ടിയസ്സൻ | 292 | 750+38=788 | 730+37=774 | 20+1=21 |
| 9 | 6/595 | ശ്രീ.ചെമ്പൻ അബ്ദുറഹിമാൻ ഹാജി | 97 | 1600+80=1680 | 243+13=256 | 1357+67=1424 |
| 10 | 11/376A | അസി. എക്സി. എഞ്ചിനീയർ | 30 | 480+24=504 | 75+4=79 | 405+20=425 |
| 11 | 11/601 | രജിസ്ട്രാർ, കാലികറ്റ് യൂണിവേഴ്സിറ്റി പമ്പ് ഹൗസ് | 25 | 2655+133=2788 | 63+4=67 | 2592+129=2721 |
| 12 | 11/605 | ടെക്നിക്കൽ അഡ്വൈസർ | 13 | 1820+91=1911 | 33+2=35 | 1857+56=1913 |
| 13 | 11/608 | ടെക്നിക്കൽ അഡ്വൈസർ | 1458 | 6273+314=6587 | 3463+174=3637 | 2810+144=2950 |
| 14 | 13/539 | അസി.എക്സി.എഞ്ചിനീയർ(MI Section , തിരൂരങ്ങാടി) | 25 | 1890+95=1985 | 63+4=67 | 1827+91=1918 |
| ആകെ | | | | | | 12,819+697<br>₹ 13,516 |

ഓഫീസ് കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് നിജപ്പെടുത്താൻ ചട്ടത്തിലോ, സർക്കാർ ഉത്തരവിലോ വ്യവസ്ഥയില്ലാത്തതിനാൽ ഫീൽഡ് പരിശോധനക്ക് ശേഷം നിലവിൽ ഓഫീസായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ സ.ഉ (കൈ) 210/2013 തസ്വഭവ.തിയ്യതി 04.06.2013 പ്രകാരം പുതിയ നികുതിദായകർക്ക് 14.01.2011 മുതലും നിലവിലുള്ള നികുതിദായർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി അംഗീകരിച്ച നിരക്കിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഡിമാന്റ് ക്രമീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (17/05.07.2017)ക്ക് മറുപടി ലഭിച്ചില്ല.

## 2-8 റേഷൻ കടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ്

നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. 1996 ജനുവരിയിലെ ഹൈക്കോടതി ഉത്തരവിൽ റേഷൻകടകളിൽ നിന്നും D &O ലൈസൻസ് ഫീസ് (തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവയെപറ്റി പരാമർശമില്ല) ഈടാക്കുന്നതിന് കേരളാ പഞ്ചായത്ത് രാജ് ആക്റ്റിൽ പ്രൊവിഷൻ ഇല്ല എന്നാണുണ്ടായിരുന്നത്. എന്നാൽ ടി ഉത്തരവ് 1996 ലെ പഞ്ചായത്ത് രാജ് ചട്ടം നിലവിൽ വരുന്നതിന് മുമ്പുള്ള ഉത്തരവായതിനാൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കാവുന്നതാണ്. ആയതിനാൽ അടിയന്തിരമായി 2017-18 മുതലുള്ള ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(05/01.07.2017) തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു. തുടർനടപടി വിവരം റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ (റെക്ടിഫിക്കേഷൻ റിപ്പോർട്ടിൽ) ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന്റെ 1.29 കോടി ലാപ്സായി

ഗ്രാമ പഞ്ചായത്തിന് വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 4.74 കോടി (4,74,23,640) രൂപയിൽ 1.29 കോടി (1,29,06,672) രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല. ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗക്കുറവും കാരണം നഷ്ടപ്പെട്ടത്.

ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിന് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം,ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ മുൻ ബാക്കി ഉൾപെടെ 4.74 കോടി രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 3.45 കോടി (3,45,16,968) രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തിയില്ല. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്ന് പിന്നോട്ട് നിൽക്കുന്നതിനും കാരണമാകുന്നതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ രൂപീകരിച്ച് ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1.പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവു ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 17237416 | 15985929 | 12,51,487 | 93% |
| വികസന ഫണ്ട് (എസ്.സി.പി) | 5331234 | 3695078 | 16,36,156 | 70% |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | | 15687 | 0 | 15687 | 0% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 4863942 | 4212685 | 6,51,257 | 87% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 4784658 | 2675201 | 21,09,457 | 32% |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 9667476 | 6257757 | 34,09,719 | 65% |
| ലോക ബാങ്ക് സഹായം | കേന്ദ്ര വിഹിതം | 41,92,686 | 16,90,318 | 25,02,368 | 40% |
| | സംസ്ഥാന വിഹിതം | 13,30,541 | 0 | 13,30,541 | 0% |
| ആകെ | | 4,74,23,640 | 3,45,16,968 | 1,29,06,672 | 73 % |

2.മേഖല അടിസ്ഥാനത്തിലുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ഉൽപ്പാദന, സേവന, പശ്ചാത്തല മേഖലകളിൽ സാമ്പത്തിക വർഷം നടപ്പാക്കുന്നതിന് ജില്ലാ ആസൂത്രണ സമതിയിൽ നിന്നും അംഗീകാരം ലഭിച്ച പദ്ധതികളുടെയും നിർവ്വഹണം നടത്തിയതിന്റെയും വിവരം താഴെ ചേർക്കുന്നു.

| മേഖല | പൊതുവിഭാഗം | | പട്ടിക ജാതി വിഭാഗം | | പട്ടിക വർഗ വിഭാഗം | | ആകെ | | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|
| | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | അടങ്കൽ | ചെലവ് | |
| ഉൽപ്പാദനം | 57,27,772 | 32,34,312 | 1,00,000 | 50,000 | 0 | 0 | 58,27,772 | 32,84,312 | 56 % |
| സേവനം | 3,62,38,084 | 2,30,40,623 | 44,10,000 | 36,70,078 | 0 | 0 | 40648084 | 26710701 | 66 % |
| പശ്ചാത്തലം | 2,54,09,604 | 1,55,07,268 | 8,55,000 | 0 | 15687 | 0 | 26264604 | 1,55,07,268 | 59% |
| ആകെ | | | | | | | 72740460 | 45502281 | 62 % |

വാർഷിക പദ്ധതികളുടെ ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും അപാകതകൾ മൂലം ഉൽപ്പാദന, സേവന, പശ്ചാതല മേഖലകളിൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല. ആയത് പഞ്ചായത്ത് ഭരണസമിതിയുടേയും നിർവ്വഹണഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-2 മുൻകൂർ നൽകിയ തുകകൾക്ക് മുഴുവനായി മരുന്ന് ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ(ആയുർവേദം)

പ്രോജക്ട് നമ്പർ :137/17 (ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ)

ബിൽ നമ്പർ :01/2016-17/08.11.16(500000 plan)

(1) മേൽ പ്രോജക്ട് പ്രകാരം 500000/- രൂപ ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധിയിലേക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. എന്നാൽ ലഭ്യമായ മരുന്നുകളുടെ വിവരം പരിശോധിച്ചപ്പോൾ മേൽ തുകക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ലെന്നു കാണുന്നു. മരുന്നുകൾ ലഭ്യമായതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തിയ്യതി | ഇൻവോയ്സ് നമ്പർ | തുക |
|---|---|---|---|
| 1 | 30.11.16 | 2517 | 149546 |
| 2 | 31.01.17 | 3587 | 70805 |
| 3 | 23.02.17 | 4219 | 215240 |
| 4 | 17.03.17 | 4661 | 33503 |
| 5 | 18.04.17 | 4973 | 7541 |
| | | | 476635 |

ലഭ്യമാവാനവശേഷിക്കുന്ന 23365/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(06/01.07.2017) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സ.ഉ(എം എസ്) നമ്പർ 4/2016 തസ്വഭവ തിരുവനന്തപുരം, തിയ്യതി 11.01.2016 , ഖണ്ഡിക11.7പ്രകാരം ആരോഗ്യ ഉപകേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്തു വരുന്ന മരുന്നുകൾ വകുപ്പ് മുഖേന മതിയായ അളവിൽ ലഭിക്കുന്നില്ലായെങ്കിൽ ബന്ധപ്പെട്ട ഡി എം ഒ യിൽ നിന്ന് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിനു ശേഷമാണ് ഔഷധിയിൽ നിന്ന് മരുന്നു വാങ്ങേണ്ടത്. പ്രോജക്ട് പ്രകാരം ഔഷധിയിൽ നിന്ന് മരുന്നു വാങ്ങുന്നതിനായി 500000/- രൂപയുടെ ഇന്റന്റ് നൽകിയിട്ടുണ്ടെങ്കിലും ടി മരുന്നുകൾ ലഭ്യമല്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് പർച്ചേസ് നടത്തി

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ.

പ്രോജക്ട് നമ്പർ : 110/17 (സർക്കാർ സ്കൂളിന് ഫർണിച്ചർ വാങ്ങൽ)

ബിൽ നമ്പർ : 04/16-17/

തുക : 250000/-

മേൽപദ്ധതി പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 250000/- രൂപ മേൽ പ്രോജക്ടിനായി വകയിരുത്തിയതിന് 01/16.08.16 പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പ്രോജക്ട് പ്രകാരം പൊതു മാർക്കറ്റിൽ നിന്നും ക്വട്ടേഷൻ നടപടികളിലൂടെ ,4 സർക്കാർ സ്കൂളുകൾക്കായി മേശ, കസേര, അലമാര, ബഞ്ച്, ഡസ്ക് എന്നിവ താഴെ പറയും പ്രകാരം വാങ്ങുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്.

| ക്രമ നമ്പർ | ഇനം | യൂണിറ്റ് കോസ്റ്റ് | എണ്ണം | ആകെ |
|---|---|---|---|---|
| 1 | മേശ | 4000 | 6 | 24000 |
| 2 | കസേര | 2000 | 6 | 12000 |
| 3 | അലമാര | 15750 | 2 | 31500 |
| 4 | ബഞ്ച് | 2000 | 40 | 80000 |
| 5 | ഡസ്ക് | 2500 | 41 | 102500 |
| | ആകെ | | | 250000 |

എന്നാൽ ഫയൽ പരിശോധിച്ചതിൽ ക്വട്ടേഷൻ കൂടാതെ വാങ്ങാൻ സർക്കാർ അനുമതിയുള്ള കാഡ്കോയിൽ നിന്നാണ് പർച്ചേസ് ചെയ്തിട്ടുള്ളത് . മാത്രവുമല്ല വാങ്ങിയ ഇനങ്ങൾ താഴെ പറയും പ്രകാരമാണ്.

| ക്രമ നമ്പർ | ഇനം | എണ്ണം | യൂണിസ്റ്റ് കോസ്റ്റ് | ആകെ |
|---|---|---|---|---|
| 1 | അലമാര | 3 | 8999.7 | 26999 |
| 2 | ഡസ്ക് | 40 | 2664 | 106577 |
| 3 | ബഞ്ച് | 40 | 2949.5 | 117981 |
| | | | | 251557 |

പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് സാധനങ്ങൾ പർച്ചേസ് ചെയ്യതിന് ഭരണ സമിതി അംഗീകാരം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനക്കായി ഹാജരാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/01.07.2017) പദ്ധതി നടപ്പിലാക്കുന്ന സമയത്ത് സ്കൂളുകളിൽ നിന്നും വന്ന അപേക്ഷ പ്രകാരമാണ് പ്രോജക്ടിൽ നിന്നും വ്യതിചലിക്കാൻ ഇടയായതെന്നും പദ്ധതി ചെലവ് പെട്ടന്ന് വരുത്തുവാൻ നിർദ്ദേശിച്ചതിനാലാണ് ക്വട്ടേഷൻ കൂടാതെ സർക്കാർ അനുമതിയുള്ള സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതെന്നുമാണ് മറുപടി നൽകിയത്.

മേൽ മറുപടി തൃപ്തികരമല്ല. പ്രോജക്ട് രൂപീകരണ സമയത്ത് സ്കൂളുകളിലേക്ക് ആവശ്യമുള്ള ഫർണിച്ചറുകൾ ഏതെല്ലാമാണെന്ന് അന്വേഷിച്ചിരുന്നില്ലെന്നാണ് മേൽമറുപടിയിൽ നിന്നും മനസ്സിലാവുന്നത്. പ്രോജക്ട്നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-4 മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുകകൾ നാളിതുവരെ വിതരണം ചെയ്തില്ല

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ.

പ്രോജക്ട് നമ്പർ : 106/17 (മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് )

ബിൽ നമ്പർ : 02/16-17/19.01.2017 (1019000/-), 03/16-17/02.03.2017 (110302/-)

മേൽ പ്രോജക്ട് പ്രകാരം 127 കുട്ടികൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. മേൽ തുകകൾ ട്രഷറിയിൽ നിന്നും നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ തുകകൾ നാളിതുവരെയായി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പേര് | ബിൽ നമ്പർ | തുക |
|---|---|---|---|
| 1 | ഫാത്തിമ്മ ഫിദ | 02/16-17/19.01.2017 (1019000/-) | 9000 |
| | | 03/16-17/02.03.2017 (110302/-) | 1000 |
| 2 | മുജീബ് റഹ്മാൻ പി | 02/16-17/19.01.2017 (1019000/-) | 9000 |
| | | 03/16-17/02.03.2017 (110302/-) | 1000 |
| 3 | റസീന | 03/16-17/02.03.2017 (110302/-) | 10000 |

തുകകൾ നാളിതുവരെയായി ട്രാൻസ്ഫർ ചെയ്യാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/01.07.2017) മേൽ കുട്ടികളുടെ അക്കൗണ്ട് സജീവമല്ലാത്തതിനാലാണ് തുക ട്രഷറിയിൽ നിന്നും ട്രാൻസ്ഫർ ചെയ്യാൻ കഴിയാത്തതെന്നും സജീവമായ അക്കൗണ്ട് ഉണ്ടാക്കാൻ കുട്ടികളുടെ രക്ഷിതാക്കളെ വിളിച്ച് അറിയിച്ചിട്ടുണ്ടെന്നും അതിനുശേഷം തുക ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും അറിയിച്ചു. തുക ട്രാൻസ്ഫർ ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-5 ഷീ പാഡ് പ്രോജക്ട് - പ്രോജക്ട് അടങ്കൽ തുക മുഴുവനായി മുൻകൂറായി നൽകി

നിർവ്വഹണോദ്യോഗസ്ഥൻ: ഹെഡ്മാസ്റ്റർ

പ്രോജക്ട് നമ്പർ : 155/17 (ഷീ പാഡ് പ്രോജക്ട്)

ബിൽ നമ്പർ : 01/16-17 / 19.01.2017

തുക : 125578/-

സർക്കാർ ഉത്തരവ്(സാധാ) നം. 280/16 തിയ്യതി 25.01.2016 തദ്ദേശ സ്വയംഭരണ (ഡി സി) വകുപ്പ്, പ്രകാരം ഷീപാഡ് പ്രോജക്ടിനായി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് പ്രോജക്ട് കോസ്റ്റിന്റെ 50% മുൻകൂറായി നൽകാൻ അനുമതി നൽകിയിട്ടുണ്ട്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായതിനു ശേഷം ബാക്കി തുക നൽകേണ്ടതാണ്.

KSWDC മാനേജിംഗ് ഡയറക്ടറുടെ 30.09.2016 തിയ്യതിയിലെ KSWDC/PO2/she pad-LSGD/2015-16 നമ്പർ കത്ത് പ്രകാരം ആറാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള പെൺകുട്ടികൾക്കായാണ് മേൽ പ്രോജക്ട് നടപ്പിലാക്കേണ്ടത്.പ്രോജക്ട് കോസ്റ്റ് എന്നത് എത്ര യൂണിറ്റുകൾ വേണമെന്നതിന്റെ അടിസ്ഥാനത്തിലാണ് കണക്കാക്കേണ്ടത്. സാനിറ്ററി നാപ്കിൻ പാഡ്, ഇൻസിനറേറ്റർ, അലമാര എന്നിവയടങ്ങിയതാണ് ഒരു യൂണിറ്റ് . ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കുന്നതിനായുള്ള ഇലക്ട്രിഫിക്കേഷൻ വർക്ക് KSWDC ഏറ്റെടുക്കുകയില്ല. പ്രോജക്ട് കോസ്റ്റിന്റെ 50% മുൻകൂർ നൽകുന്നതിനോടൊപ്പം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സ്കൂളിന്റെയും, സ്കൂൾ അധികൃതരുടേയും വിദ്യാർത്ഥിനികളുടെ എണ്ണവും ഉൾപ്പെടുന്ന വിശദ വിവരം കോർപ്പറേഷനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിലെ 2 സർക്കാർ യു പി സ്കൂളുകളിലെ 244 വിദ്യാർത്ഥിനികൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി 125578/- രൂപയുടെ പ്രോജക്ട് ഉണ്ടാക്കുകയും തുക മുഴുവനായി KSWDC ക്ക് നൽകിയിട്ടുമുണ്ട് . സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രോജക്ട് അടങ്കൽ തുക മുഴുവനായി KSWDC ക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നുകാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/01.07.2017) പദ്ധതി രൂപീകരണ സമയത്ത് കൃത്യമായ നിർദ്ദേശങ്ങൾ ലഭിക്കാത്തതിനാലാണ് പദ്ധതി തുക മുഴുവനായി അടവാക്കിപ്പോയതെന്നും , പദ്ധതി നടപ്പിലാക്കേണ്ട സ്കൂളുകളുടെ വിവരവും കുട്ടികളുടെ എണ്ണവുമെല്ലാം അറിയിച്ചിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെ ആരംഭിച്ചിട്ടില്ലെന്നുമാണ് മറുപടി നൽകിയത് . പദ്ധതി പൂർത്തീകരണ വിവരവും വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-6 ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

വിവിധ വർഷങ്ങളിലായി ഭവന നിർമ്മാണ പ്രോജക്ടിൽ ഉൾപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേരും വിലാസവും | ഭവന നിർമ്മാണ പദ്ധതി | വാർഡ് | കരാർ വെച്ച വർഷം | ആകെ വാങ്ങിയ തുക | അടങ്കൽ തുക |
|---|---|---|---|---|---|---|
| 1 | പാലമുറ്റത്ത് ദേവകി | 160/17ഭവന നിർമ്മാണം (ജനറൽ) | 2 | 2015-16 | 140000 | 200000 |
| 2 | റുഖിയ വെട്ടിയാട്ടിൽ | | 17 | | 160000 | 200000 |
| 3 | ഫാത്തിമ പാലച്ചീട്ടിൽ | | 19 | | 80000 | 200000 |

| | | | | | | |
|---|---|---|---|---|---|---|
| 4 | ആസ്യ കോട്ടായി | | 4 | | 160000 | 200000 |
| 5 | അധികാരത്തിൽ അമ്മുണ്ണി | | 5 | | 160000 | 200000 |
| 6 | മുഖം വീട്ടിൽ ഖദീജ | | 6 | | 160000 | 200000 |
| 7 | ഷമീറ പറമ്പിൽ പുതിയത് | | 8 | | 160000 | 200000 |
| 8 | ഹഫ്സത്ത് | | 10 | | 180000 | 200000 |
| 9 | ഖദീജ പൊറ്റമ്മൽ | | 12 | | 80000 | 200000 |
| 10 | സിദ്ദിഖ് എം | | 16 | | 160000 | 200000 |
| 11 | വിനോദ് ചോയിമഠത്തിൽ | | 18 | | 160000 | 200000 |
| 12 | ആരിഫ ഇ ടി | | 21 | | 180000 | 200000 |
| 13 | കുണ്ടൂർ റംല | | 22 | | 160000 | 200000 |
| 14 | പത്മിനി | | 2 | | 80000 | 200000 |
| 15 | ഷാക്കിറ | | 3 | | 80000 | 200000 |
| 16 | കാളി പടിക്കൽ | | 13 | | കരാർ വെച്ചെങ്കിലും നാളിതുവരെ ഗഡുക്കൾ നൽകിയിട്ടില്ല | |
| 17 | ഖദീജ ഇ പി | | 11 | | | |
| 18 | മാധവി തുലാത്തിൽ കുനിയിൽ | | 1 | | | |
| 19 | സഫിയ കൊരട്ടയിൽ | 114/17 ഭവന നിർമ്മാണം (ജനറൽ) | 13 | 2014-15 | 180000 | 200000 |
| 20 | അലീമ കോഴിപറമ്പത്ത് | | 6 | | 80000 | 200000 |
| 21 | മുനീറ എറക്കുത്ത് | | 5 | | 140000 | 200000 |

മേൽ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണെന്ന് ഓഡിറ്റ് എൻക്വയറി നൽകിയതിന് ( 01/28.06.2017) ക്രമ നമ്പർ 1,2,4,5,6,7,8,10,11,12,13,19 എന്നീ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും സ്പിൽ ഓവർ പ്രോജക്ടായി മേൽ ഗുണഭോക്താക്കൾക്ക് ഉടൻ തന്നെ അവസാന ഗഡു നൽകുന്നതാണെന്നും അറിയിച്ചു.ക്രമ നമ്പർ 16,17,18 എന്നിവർക്ക് എൻ ഒ സി ലഭ്യമാവാത്തതിനാൽ ഭവന നിർമ്മാണം ആരംഭിക്കാനായിട്ടില്ലെന്നും പണി ആരംഭിക്കുന്ന മുറക്ക് തുക നൽകുന്നതാണെന്നും അറിയിച്ചു.മറ്റു ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്ന മുറക്ക് മുഴുവൻ ധനസഹായവും നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-7 പരിരക്ഷ പ്രോജക്ട് നിർവ്വഹണം

നിർവ്വഹണോദ്യോഗസ്ഥൻ:മെഡിക്കൽ ഓഫീസർ (പി എച്ച് സി)

പ്രോജക്ട് : 126/16-17 (പരിരക്ഷ പാലിയേറ്റീവ് ഹോം കെയർ)

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29.10.2015 ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പ്രോജക്റ്റ് നമ്പർ 126/17 പരിരക്ഷ പാലിയേറ്റീവ് ഹോം കെയർ പദ്ധതിയിൽ' പാലിച്ചിട്ടില്ലെന്ന് ഫയൽ പരിശോധനയിൽ കണ്ടെത്തി.

1. 23-08-12 -ലെ സ.ഉ (എം.എസ്)228/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പരിരക്ഷ നേഴ്സിന് ഫോൺ ചെലവുകൾ വഹിക്കാൻ അനുമതി നൽകുന്നുണ്ടെങ്കിലും പുതുക്കിയ മാർഗ്ഗരേഖയിൽ ഫോൺ ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല.

2016-17 വർഷത്തേക്ക് 3600/- രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്.(ബിൽ നമ്പർ 09/2016-17 തീയതി 27-03-17). ടി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പുതുക്കിയ മാർഗ്ഗരേഖപ്രകാരം കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും ഒരു ദിവസം സന്ദർശിക്കാൻ കഴിയുന്ന തരത്തിൽ മാസത്തിൽ കുറഞ്ഞത് 16ദിവസമെങ്കിലും ഹോം കെയർ ആസൂത്രണം ചെയ്യേണ്ടതാണ്. ടി നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. മേൽക്കാര്യം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/01.07.2017) ടി നിർദ്ദേശങ്ങൾക്കനുസരിച്ച് ഗൃഹസന്ദർശനം ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന മറുപടിയാണ് നലകിയത്.

3. പുതുക്കിയ മാർഗ്ഗരേഖപ്രകാരം വാഹനം വാടക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി വാടക നിശ്ചയിച്ച് നൽകിയിട്ടുണ്ട്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ കിലോമീറ്ററിനനുസരിച്ചാണ് ഇപ്രകാരം തുക നൽകേണ്ടത്. എന്നാൽ ഫയലിൽ ട്രിപ്പ് ഷീറ്റ് ഇല്ലെന്നു മാത്രമല്ല എല്ലാ ദിവസവും 35-44 കി.മീ ഓടിയതിന്റെ നിരക്കായ 1000/- രൂപ വാഹന വാടകയിനത്തിൽ നൽകിയിട്ടുണ്ട്. വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് പ്രകാരം ഓടിയ കിലോമീറ്ററുകൾക്കായി മാത്രം തുക അനുവദിക്കേണ്ടതാണ്.എൻക്വയറിക്ക് മേലിൽ ട്രിപ്പ് ഷീറ്റ് പ്രകാരം വാഹനവാടക നൽകുമെന്നും അറിയിച്ചിട്ടുണ്ട്.

4. പാലിയേറ്റീവ് കെയർ നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ട രോഗികളുടെ വിവരം പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല. ആയത് പ്രസിദ്ധീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് പരിരക്ഷാ പ്രോജക്ട് ഊർജ്ജിതമായി നടത്തേണ്ടതാണ്.

## 3-8 മെഡിക്കൽ ഓഫീസർ സാധനങ്ങൾ വാങ്ങിയത് പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

2016-17ലെ വിവിധ പ്രോജക്ടുകളിലായി താഴെ പറയുന്ന സാധനങ്ങൾ പി എച്ച് സിയിലേക്ക് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ | തുക | സ്ഥാപനം |
|---|---|---|---|---|
| 1 | 149/17ജെറിയാട്രിക് ഒ പി മരുന്ന് വാങ്ങിക്കൽ | 10/16-17/ 25.03.17 | 40000 | Blue Dart(Lab Equipments) |
| | | | 24750 | Decent Marketting Agencies(45 Fiber chair) |
| 2 | 147/17പി എച്ച് സി സ്റ്റോർ റൂം നവീകരണം | 07/16-17/ 27.03.17 | 98470 | Adithya Steel Furniture (Steel Rack, Cabinet Etc.) |

മേൽ പ്രോജക്ട പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷനുകൾക്ക് താരതമ്യ പത്രിക തയ്യാറാക്കുകയോ, പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം ഇല്ലാതെ പർച്ചേസ് നടത്തിയ നടപടി ക്രമപ്രകാരമല്ല. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

04.07.2017 ന് നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഫർണിച്ചറുകൾ വേരിഫൈ ചെയ്തു. ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടുണ്ടെങ്കിലും ആയത് നമ്പർ ചെയ്യുകയോ ഉപയോഗിക്കാൻ തുടങ്ങുകയോ ചെയ്തിട്ടില്ല. ഫർണിച്ചറുകൾ നമ്പർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 3-9 മുൻകൂറായി തുക നൽകിയെങ്കിലും നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി എച്ച് സി)

2016-17 വർഷത്തിലെ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം പി എച്ച് സിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി തുക മുൻകൂറായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/തിയ്യതി | മുൻകൂർ നൽകിയ തുക | ലഭ്യമായ മരുന്നുകളുടെ വില | ബാലൻസ് തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 142/17 പി എച്ച് സി യിലേക്ക് മരുന്ന വാങ്ങൽ | 06/16-17/ 27.03.17 | 50000 | 0 | 50000 | KMSCL |
| 2 | 149/17ജെറിയാട്രിക് ഒ പി മരുന്ന് വാങ്ങിക്കൽ | 10/16-17/ 25.03.17 | 275000 | 0 | 275000 | KMSCL |
| 3 | 126/17 പരിരക്ഷ പാലിയേറ്റീവ് ഹോം കെയർ | 09/16-17/ 27.03.17 | 75000 | 0 | 75000 | KMSCL |
| | | | | | 400000 | |

തുകകൾ മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്ന ലഭ്യമാക്കുന്നതിനായി KMSCL മായി കരാർ വെച്ചിട്ടില്ല. മരുന്ന് ഉടൻ ലഭ്യമാവുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന എസ്.സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ്-അനർഹനായ കുട്ടിക്കും അനുവദിച്ചു

പ്രൊജക്ട് നമ്പർ 130/17 ആയി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടിൽ ശ്രീ.വിശാഖ് എം, S/o ശ്രീധരൻ മഠത്തിൽ വീട്, മുന്നിയൂർ സൗത്ത് പി.ഒ എന്ന കുട്ടിക്ക് ലാപ്പ് ടോപ്പ് നല്കിയതായി കാണുന്നു. 22.12.16 ലെ ഗവർമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട്, എഴൂർ റോഡ്, തിരൂർ എന്ന സ്ഥാപനത്തിന്റെ പ്രിൻസിപ്പൽ (ഇൻ ചാർജ്ജ്) ഹാജരാക്കിയ സാക്ഷ്യപത്രപ്രകാരം വിദ്യാർത്ഥി പഠിക്കുന്നത് ഫുഡ് പ്രൊഡക്ഷൻ എന്ന ഒരു വർഷത്തെ കോഴ്സിനാണ്.

ജി.ഒ (എം.എസ്) 04/2016/LSGD dated 11.01.16 ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിലെ സബ്സിഡി നിബന്ധനകളുടെ ഖണ്ഡിക 6.8.6 ൽ എഞ്ചിനീയറിങ്, മെഡിക്കൽ തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ബിരുദ ബിരുദാനന്തര വിദ്യാർഥികൾക്കാണ് ലാപ്പ്ടോപ്പ് നല്കാവുന്നത്.

പ്ലാൻഫണ്ട് അഞ്ച് ലക്ഷം രൂപ വകയിരുത്തിയ പ്രൊജക്ടിൽ ബിൽ നമ്പർ 03/130/16-17 തിയതി 06.03.17 പ്രകാരം 4,96,000/- രൂപ പിൻവലിക്കുകയും ടെൻഡർ നടപടികളിലൂടെ ഏറ്റവും കുറവ് തുക സൂചിപ്പിച്ച (24,800/-) ഇൻറ്റസ് മാർക്കറ്റ്, 2nd ഫ്ലോർ, എസ്.എം സ്ട്രീറ്റ്, കോഴിക്കോടിന് നല്കുകയും ചെയ്തിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽനിന്നും 24800/- രൂപ വിലയുള്ള ലാപ്പ്ടോപ്പ് 20 ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറിയ്ക്ക് (02/2017 dt. 30.06.2017) അസിസ്റ്റന്റ് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ പ്രൊഫഷണൽ കോഴ്സായതുകൊണ്ടാണ് ആനുകൂല്യം അനുവദിച്ചത് എന്നാണ് മറുപടി ലഭിച്ചത്.

24,800/- രൂപ അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നു.

## 3-11 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര - മതിയായ രേഖകളില്ലാതെ അനുവദിച്ചു.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടിൽ താഴെ കാണിച്ച ഗുണഭോക്താക്കൾക്ക് മതിയായ രേഖകൾ ഹാജരാക്കാതെ മേശയും കസേരയും നല്കിയതായി കാണുന്നു.

| ക്രമ നമ്പർ | കുട്ടിയുടെ പേര്, വാർഡ് നമ്പർ, സ്കൂൾ | സ്റ്റാന്റേർഡ് | റിമാർക്കസ് |
|---|---|---|---|
| 1 | നിതിൻ എൻ, ജി.യു.പി.എസ്, മുന്നിയൂർ, വാർഡ് 16 | 4th | വരുമാനസർട്ടിഫിക്കറ്റില്ല |
| 2 | ശ്രുവ്യ കെ, വി.ജെ പള്ളി എ.എം.യു.പി.എസ് വാർഡ് 19 | 5th | -ടി- |
| 3 | വിഷ്ണുനാരായണൻ, വി.ജെ പള്ളി എ.എം.യു.പി.എസ് വാർഡ് 20 | 5th | -ടി- |
| 4 | അരുണിമ, വി.ജെ.പള്ളി എ.എം.യു.പി.എസ് വാർഡ് 6 | 5th | എ.ആർ നഗർ വില്ലേജ് ഓഫീസറുടെ വരുമാനസർട്ടിഫിക്കറ്റാണ് ഹാജരാക്കിയത് |
| 5 | അതുൽദാസ്, എ.എം.എൽ.പി.എസ്, കളിയാട്ടമുക്ക് വാർഡ് 7 | 2nd | വരുമാനസർട്ടിഫിക്കറ്റില്ല |
| 6 | ആദർശ് പി, എ.എം.എൽ.പി.എസ്, കളത്തിങ്ങൽപ്പാറ, വാർഡ് 14 | 4th | -ടി- |
| 7 | സനിൽ സി, ജി.വി.എച്ച്.എസ്.എസ്, ചേളാരി വാർഡ് 2 | 9th | -ടി- എസ്.സി വകുപ്പിൽനിന്നുള്ള സാക്ഷ്യപത്രം സന്തോഷ് എന്ന കുട്ടിയുടേതാണ്. |
| 8 | ശിപില പി, എം.എച്ച്.എസ്, മുന്നിയൂർ വാർഡ് 13 | 9th | വരുമാനസർട്ടിഫിക്കറ്റ്, എസ്.സി വിഭാഗത്തിൽനിന്നുള്ള സാക്ഷ്യപത്രം എന്നിവയില്ല |
| 9 | ആര്യ പി, എ.എം.എൽ.പി.എസ് കളത്തിങ്ങൽപ്പാറ, വാർഡ് 14 | 2nd | വരുമാനസർട്ടിഫിക്കറ്റില്ല |
| 10 | നിമിഷ എം.എച്ച്.എസ്.എസ്, മുന്നിയൂർ വാർഡ് 16 | 9th | -ടി- |

പ്രൊജക്ട് നമ്പർ 165/17 ആയി അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രൊജക്ടിൽ അൻപത് കുട്ടികൾക്ക് മേശയും കസേരയും നല്കിയിട്ടുണ്ട്. ട്രഷറി ബിൽ നമ്പർ 05/16-17 തിയതി 25.3.17 പ്രകാരം 1,94,078/- രൂപ പിൻവലിക്കുകയും ടെൻടർ നടപടികളിലൂടെ ഏറ്റവും കുറവ് നിരക്ക് സമർപ്പിച്ച അനുഗ്രഹ മെറ്റൽസ്, ചേളാരിക്ക് തുക കൈമാറുകയും ചെയ്തിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നമ്പർ 04/2017 dt. 30.06.2017 നല്കിയ മറുപടിയിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അതുവരെ മേൽ കാണിച്ച ഗുണഭോക്താക്കൾക്ക് വേണ്ടി ചെലവഴിച്ച തുക 38,815/- രൂപ (194078/50 x 10) ഓഡിറ്റിൽ തടസം ചെയ്യുന്നു.

## 3-12 വിനിയോഗ /കൈപ്പറ്റ് വിവരം ലഭ്യമായിട്ടില്ല

2016-17 വർഷത്തിൽ വിവിധ ഓഫീസുകൾ/സ്ഥാപനങ്ങൾക്ക് നല്കിയ താഴെ പറയുന്നവക്ക് സെക്രട്ടറി ചെലവഴിച്ച തുകകൾക്ക് കൈപ്പറ്റ്/വിനിയോഗസാക്ഷ്യപത്രം ടി ഓഫീസുകളിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ, പ്രൊജക്ട് നമ്പർ | തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 21600567/14.12.16 Proj. 125/16-17 | 2,40,000 | IAY വിഹിതം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന് നല്കിയത് | കൈപ്പറ്റ്, വിനിയോഗ വിവരം ഇല്ല |
| 2 | 21600563/14.12.16 Proj. 118/16-17 | 69,433 | IKM പ്രവർത്തനഫണ്ട് സെക്രട്ടറിക്ക് നല്കിയത് | -ടി- |
| 3 | 21600564/14.12.16 Proj. 144/16-17 | 1,20,000 | PMAY വിഹിതം തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന് നല്കിയത് | -ടി- |
| 4 | 21600565/14.12.16 Proj. 112/16-17 | 19,61,000 | SSA വിഹിതം പ്രൊജക്ട് ഓഫീസർ, മലപ്പുറത്തിന് നല്കിയത്. | വിശദമായ വിനിയോഗവിവരമില്ല |
| 5 | 21600880/08.03.17 Proj. 188/16-17 | 17,03,000 | -ടി- | -ടി- |
| 6 | 21600566/14.12.16 Proj. 124/16-17 | 80,000 | IAY അധികവിഹിതം ബ്ലോക്ക് പഞ്ചായത്തിന് നല്കിയത് | കൈപ്പറ്റ്, വിനിയോഗവിവരമില്ല |
| 7 | 21600804/25.02.17 Proj. 150/16-17 | 3,00,000 | തിരൂരങ്ങാടി ഡയാലിസിസ് സെന്ററിന് സാമ്പത്തികസഹായം | -ടി- |

| | | | | |
|---|---|---|---|---|
| 8 | 21600808/25.2.17<br>21600894/10.03.17<br>Proj. 182/16-17 | 25,000<br>5,00,000 | 2015-16 വർഷം പട്ടികജാതി വർഗ്ഗവകുപ്പിൽനിന്നും ലഭിക്കേണ്ട തുക തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന് നല്കിയത് | -ടി- |
| 9 | 21600943/24.03.17<br>Proj. 168/16-17 | 1,00,000 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം ജില്ലാപഞ്ചായത്ത് വിഹിതം നല്കൽ | -ടി- |
| 10 | 21600895/10.03.17<br>Proj. 191/16-17 | 4,27,000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയരക്ടർക്ക് വിഹിതം നല്കിയത് | -ടി- |
| | ആകെ | 55,25,433 | | |

ബന്ധപ്പെട്ട ഓഫീസുകളിൽനിന്നും കൈപ്പറ്റ്/വിനിയോഗ വിവരം ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുക ഓഡിറ്റിൽ തടസം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 12/2017 dt. 05.07.2017 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-13 പഞ്ചായത്ത് ഗ്രന്ഥാലയം നടത്തിപ്പിലെ പോരായ്മകൾ





മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം

പഞ്ചായത്ത് ഗ്രന്ഥാലയത്തിലെ പ്രവേശന പതിവേട്, വരിസംഖ്യ വിവര പുസ്തകം, ഗ്രന്ഥവിവരപ്പുസ്തകം, വിതരണ പതിവേട് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ പോരായ്മകൾ ചുവടെ കൊടുക്കുന്നു.

1.നാളിതുവരെയായിട്ടും ഗ്രന്ഥാലയത്തിന് ഒരു നിയമാവലി തയ്യാറാക്കിയിട്ടില്ല.

2.പ്രവേശനപ്പട്ടിക പ്രകാരം 384 അംഗങ്ങളാണുള്ളത്. എന്നാൽ സജീവമായി ഇപ്പോൾ 30 പേര് മാത്രമാണുള്ളത്.

3.ഗ്രന്ഥവിവരപ്പുസ്തകത്തിൽ 600 നടുത്ത് പുസ്തകങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, പുസ്തകങ്ങളുടെ ഭൗതിക പരിശോധന കാലങ്ങളായി നടത്താത്തതിനാൽ എത്ര പുസ്തകങ്ങളാണ് ഗ്രന്ഥാലയത്തിൽ യഥാർത്ഥത്തിലുള്ളതെന്നു വ്യക്തമല്ല. വാർഷികമായി ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.പുസ്തകങ്ങൾ സമ്പൂർണമായി അതിന്റെ Accession Register (സ്റ്റോക്ക് രജിസ്റ്റർ) രേഖപ്പെടുത്തിയിട്ടില്ല. ടി രജിസ്റ്ററിൽ പുസ്തക നമ്പറും , ഗ്രന്ഥ കർത്താവിന്റെ പേരും, പ്രസിദ്ധീകരിച്ച വർഷം , അച്ചടിച്ച സ്ഥലം , അച്ചടിച്ച തിയ്യതി , ISBN നമ്പർ (ലഭ്യമാണെങ്കിൽ) , പുസ്തകത്തിന്റെ വില എന്നിവ കൂടി ടി രജസ്റ്ററിൽ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5. സ്ഥിരം കെട്ടിടം ഇല്ലാത്തതിന്റെ കുറവ്, നിലവിൽ പഞ്ചായത്തിനോട് അനുബന്ധമായി ഷീറ്റിട്ട കെട്ടിടത്തിലാണ് ഗ്രന്ഥാലയം പ്രവൃത്തിക്കുന്നത്. വേണ്ടത്ര വെളിച്ചമോ ,വിശാലതയോ സൗകര്യമോ, ഫർണിച്ചറോ ഒന്നും തന്നെ ഒരുക്കിയിട്ടില്ല.

6.സ്ഥിരം ലൈബ്രേറിയൻ ഇല്ലാത്തതിന്റെ കുറവ് : – ഗ്രന്ഥലായത്തിന് വിദഗ്ധരായ ലൈബ്രേറിയന്മാരെ ലഭിച്ചില്ല. മൂന്നിയൂർ ഗ്രാമപഞ്ചായത്ത് പബ്ലിക് ലൈബ്രറിയിൽ നാളിതു വരെ ലഭ്യമായ പുസ്തകങ്ങൾ അടുക്കും ചിട്ടയിലും ക്രമീകരിച്ചിട്ടില്ല. ഇവിടെ ജീവനക്കാരുടെ കുറവിനേക്കാൾ ഉള്ള ജീവനക്കാരുടെ അലസതയും താൽപ്പര്യക്കുറവുമാണ് ഇതിനു പ്രധാന കാരണം. പരിചയസമ്പന്നരായ ലൈബ്രേറിയൻമാരുടെ സേവനം പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനും ഗ്രന്ഥശാലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. മേഖലാടിസ്ഥാനത്തിലുള്ള ചുമതല നിർവഹിക്കുന്നതിനപ്പുറത്തേക്ക് ഗ്രന്ഥാലയം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലേക്ക് വളർത്തുന്നതിന് പഞ്ചായത്ത് നാളിതു വരെ നടപടികൾ സ്വീകരിച്ചിട്ടില്ലാ എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ്വന്തമായ കെട്ടിടവും, പരിചയ സമ്പന്നരായ ലൈബ്രേറിയനേയും നിയമാവലിയും എല്ലാം സജ്ജമാക്കി ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനിക വൽകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 <u>മുൻകൂർ തുക 51.48 ലക്ഷം ക്രമീകരിക്കാൻ അവശേഷിക്കുന്നു.</u>

പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് പരിശോധിച്ചതിൽ നിന്നും 51,48,690 രൂപ മുൻകൂർ തുക തീർപ്പാക്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ഷെഡ്യൂൾ -ബി-18</u>

താഴെ പറയുന്ന തുകകൾ മുൻകൂറായി നിർവഹണ ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിറെ അടിസ്ഥാനത്തിൽ തുക ക്രമീകരിക്കേണ്ടതാണ്.

| ക്ര.ന | നിർവഹണ ഏജൻസി | മുൻകൂർ തുക |
|---|---|---|
| 1 | Advance to Implementing Agencies – | 4290000 |

| | | |
|---|---|---|
| | Deposit with Kerala Water Authority | |
| 2 | Advance to Implementing Agencies –<br>Deposit with Kerala Eletricity Board | 540714 |
| 3 | Advance to Implementing Agencies –<br>Deposit with Kerala Ground Water Department | 317976 |
| | ആകെ | 51,48,690 |

നാളിതു വരെ പ്രവർത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ നിർവ്വഹണ ഏജൻസിയുമായുള്ള കരാറിന് വിധേയമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 3-15 ഭാഗികമായ എസ്റ്റിമേറ്റ് തയ്യാറാക്കി- നാളിതു വരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

കെട്ടിട നിർമ്മാണ പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റിൽ വൈദ്യുതീകരണം ഉൾപ്പെടുത്താത്തതിനാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും വൈദ്യുതീകരണം പൂർത്തിയാക്കുകയോ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്ത് നിർമ്മാണം നടത്തിയ താഴെ കൊടുത്തിട്ടുള്ള രണ്ട് കെട്ടിടങ്ങൾക്ക് നാളിതു വരെ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല.

1. ആച്ചാട്ടിൽ അങ്കണവാടി കെട്ടിടം. (2017-18 പദ്ധതി യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

2. എസ്.സി. തൊഴിൽ പരിശീലന കേന്ദ്രം.

ഒരു കെട്ടിട നിർമ്മാണ പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ, അതെല്ലാം പ്രൊജക്റ്റിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്നും ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് എന്നിവയ്ക്ക് എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തുകയും കെട്ടിടത്തിന്റെ സ്ട്രക്ചർ ആയിക്കഴിഞ്ഞാൽ ഇവയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നേടിയ ശേഷം ഈ പ്രവൃത്തികൾ ചെയ്യുകയാണ് വേണ്ടത് എന്നും തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അങ്ങിനെ തയ്യാറാക്കിയാൽ അതിന് അംഗീകാരം നൽകുവാനോ പാടില്ലെന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹു വർഷ പ്രൊജക്റ്റായി ഏറ്റെടുക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയതാണ്.

സർക്കാർ നിർദ്ദേശം പാലിക്കാതെ ഭാഗികമായ പ്രൊജക്റ്റ് തയ്യാറാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-16 ആശ്രയ പദ്ധതി- പുനരധിവാസ പ്രവർത്തനത്തിൽ പുരോഗതിയില്ല.

വാർഷിക പദ്ധതിയിൽ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ ഭാഗമായി അഗതികളുടെ പുനരധിവാസം ലക്ഷ്യമാക്കിയുള്ള ആശ്രയ പദ്ധതി തയ്യാറാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന അഗതി കുടുംബങ്ങളെ ഭക്ഷണം, ആരോഗ്യ സുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുന്ന പരിചരണ സേവനങ്ങളുടെ പാക്കേജ് തയ്യാറാക്കി പുനരധിവസിപ്പിക്കാനാണ് പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചത്.

ഗ്രാമ പഞ്ചായത്തിൽ ജി.ഒ (ആർ.ടി.) 2047/ 2015/LSGD, തിയതി-7-7-2015 പ്രകാരം ആശ്രയാ രണ്ടാം ഘട്ട പ്രൊജക്റ്റിന് അംഗീകാരം വാങ്ങിയിട്ടുണ്ട്. കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ അഗതികളായി കണ്ടെത്തിയ 46 കുടുംബങ്ങളുടെ പുനരധിവാസം ലക്ഷ്യമാക്കിയാണ് 23,95000 രൂപ അടങ്കലുള്ള പ്രോജക്റ്റ് തയ്യാറാക്കിയത്. 2013-14 മുതൽ 2016-17 കാലയളവിൽ നടപ്പിലാക്കുന്നതിന് തയ്യാറാക്കിയ പ്രോജക്റ്റിൽ നാളിതു വരെ ഒരു ഗുണഭോക്താവിന് പോലും ധന സഹായം നൽകാനായിട്ടില്ല. പദ്ധതിക്ക് വേണ്ടിയുള്ള വെളിമുക്ക് സർവീസ്

സഹകരണ ബാങ്കിലുള്ള അക്കൗണ്ടിൽ 31-3-2017 ന് പലിശയടക്കം 17, 33, 672 ₹ ബാലൻസുണ്ട്. കണ്ടെത്തിയ ഗുണഭോക്താക്കളിൽ 12 പേർ അനർഹരാണെന്ന് പഞ്ചായത്ത് ഭരണ സമിതിയും ആശ്രയ വിലയിരുത്തൽ സമിതിയും കണ്ടെത്തിയതിനാൽ ടി- ഗുണഭോക്താക്കളെ ആശ്രയാ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് ഭരണ സമിതി തീരുമാനമെടുത്തിരുന്നു.(തീരുമാനം നമ്പർ-11/ 8-9-2016) എന്നാൽ അനർഹരെ ഒഴിവാക്കുന്നതിനോ സർവ്വെ നടത്തി 46 ഗുണഭോക്താക്കളുടെയും അർഹത പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിനോ പ്രായോഗിക നടപടികളൊന്നും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഇക്കാരണത്താൽ അർഹരായ ഗുണഭോക്താക്കൾക്ക് ധന സഹായം വിതരണം ചെയ്യാനാകാതെ പദ്ധതി പ്പണം കുടുംബശ്രീ അക്കൗണ്ടിൽ മുടങ്ങിക്കിടക്കുന്നു. ഏറ്റവും പിന്തുണ ആവശ്യമുള്ള ജന വിഭാഗം ഗുണഭോക്താക്കൾ ആയുള്ള ഈ പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിയാത്തതിനാൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയാ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ വർഷങ്ങൾ കഴിഞ്ഞിട്ടും നിറവേറ്റപ്പെടാതെ വരുന്നു. പദ്ധതി നടപ്പാക്കുന്നതിൽ വന്ന വീഴ്ചക്ക് വിശദീകരണം നൽകേണ്ടതാണ്.

(ഇക്കാര്യത്തിൽ വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ-13/ 5-7-2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 3-17 പരപ്പിലാക്കൽ അങ്കണവാടി നിർമ്മാണം-പൂർത്തീകരിച്ചിട്ടില്ല.

2016-17 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി ഏക വർഷ പ്രൊജക്ടായി അംഗീകാരം വാങ്ങി ആരംഭിച്ച (പ്രൊജക്ട് നമ്പർ-82/17) പരപ്പിലാക്കൽ അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

സാങ്കേതികാനുമതി-1500000

കരാറുകാരൻ- ശ്രീ. വേലായുധൻ കുട്ടി നായർ.

എഗ്രിമെന്റ് നമ്പർ- 40/2016-17/AE/MNR/30-12-16.

സ്ട്രക്ചർ നിർമ്മാണം മാത്രം പൂർത്തിയാക്കുകയും കരാറുകാരന് 9,54,491 രൂപ പാർട്ട് ബില്ല് നൽകുകയും ചെയ്തിട്ടുണ്ട്. (ചെക്ക് നമ്പർ-1490001 /30-3-2017). പ്ലാസ്റ്ററിംഗ്, സാനിറ്റേഷൻ വർക്കുകൾ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തിയാക്കി അങ്കണവാടി പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-18 കാലാവധിക്കകം പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയിട്ടില്ല.

താഴെ കൊടുത്തിട്ടുള്ള പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ പൂർത്തീകരണ കാലാവധിക്കകം ടി- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ടി- കരാറുകാരൻ സമയം ദീർഘിപ്പിച്ച് നൽകുന്നതിന് ഗ്രാമ പഞ്ചായത്തിന് അപേക്ഷ നൽകുകയോ ഗ്രാമ പഞ്ചായത്ത് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് ഗ്രേസ് പീരിയഡ് അനുവദിക്കുകയോ ചെയ്തിട്ടില്ല. പ്രസ്തുത കരാറുകാരനിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ടതായ പിഴ ഈടാക്കിയിട്ടില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രവൃത്തി | കരാറുകാരൻ | എഗ്രിമെന്റ് തിയതി | പൂർത്തീകരിക്കേണ്ട തിയതി | അവസാന അളവെടുപ്പ് നടത്തിയ തിയതി /പൂർത്തീകരിച്ച തിയതി. | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|
| തെക്കേപ്പാടംശിഹാബ് തങ്ങൾസ് റോഡ് TS- 1000000 എഗ്രിമെന്റ് നമ്പർ- | ശ്രീ.എ.കെ. ബാബു. | 28-9-15 | 31-3-16 | 12-5-16 | 916700*1/100* 41/90= 4176 |

| | | | | | |
|---|---|---|---|---|---|
| 45/2015-16/ AE/MNR /28-9-15<br>എം.ബുക്ക്-183/14-15<br>ചെക്ക് നമ്പർ- 1626867/ 30-3-17<br>ആകെ വർക്കിന്റെ മൂല്യം- 916700 | | | | | |

നിയമാനസൃതം കുറവ് വരുത്തേണ്ട പിഴ 4176/-രൂപ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കാതിരുന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് തുക രസീതി നം117020102986807-07-2017 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടവാക്കി.

## 3-19 ഗ്രാമ പഞ്ചായത്ത് തീരുമാനങ്ങൾ നടപ്പിലാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

താഴെ കൊടുത്തിരിക്കുന്ന ഗ്രാമ പഞ്ചായത്ത് തീരുമാനങ്ങൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

| തീരുമാനം നമ്പർ/ തിയതി. | തീരുമാനം | റിമാർക്ക്സ് |
|---|---|---|
| 8/ 18-11-2016 | എസ്.സി. തൊഴിൽ പരിശീലന കേന്ദ്രത്തിന് കറൻറ് കണക്ഷന്<br>വേണ്ടി സി.ഡി., ഒ.വൈ.ഇ.സി<br>എന്നിവ അടവാക്കുന്നതിന് തീരുമാനിച്ചു. | സി.ഡി. അടവാക്കിയതായോ കറൻറ് കണക്ഷൻ ലഭ്യമായതായോ വിവരമില്ല. |
| 4/20-12-2016 | തൊഴിൽ പരിശീലന കേന്ദ്രം എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതിന്കെട്ടിടം വിട്ട് നൽകുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിന് സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തി | സബ്കമ്മിറ്റി മാനദണ്ഡങ്ങൾ നിശ്ചയിക്കുകയോ പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമാക്കുകയോ ചെയ്തിട്ടില്ല. |
| 4 /14-6-2016 | തൊഴിൽ പരിശീലന കേന്ദ്രം ശ്രീമതി. ഷൈനി.വി. ചെറുതൊടി, വെളിമുക്ക് എന്നയാൾക്ക് എസ്.സി. കുട്ടികൾക്ക് ഡാൻസ്/ ഡ്രോയിംഗ് ക്ലാസ് നടത്തുന്നതിന് നൽകാൻ തീരുമാനിച്ചു. | ക്ലാസ് നടത്തുന്നതിന് പരിശീലന കേന്ദ്രം കൈമാറിയതായി വിവരമില്ല. |
| 11/ 8-9-2016 | ആശ്രയാ രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട 12 ഗുണഭോക്താക്കളെ ആശ്രയാ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് തീരുമാനം. | പഞ്ചായത്ത് തീരുമാനം നടപ്പാക്കിയിട്ടില്ല. |
| 9/ 18-2-2017 | ആശ്രയാ തുടർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സർവ്വെ നടത്തി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് | അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടില്ല. |

| | | |
|---|---|---|
| | കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചു. | |

പഞ്ചായത്ത് തീരുമാനങ്ങൾ യഥാവിധി നടപ്പിലാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 6.68,000 | പ്രൊജക്ട് നം. 82/17 അംഗൻവാടി നിർമാണം | 6,68,000 | 0 |
| | 4,80,000 | പ്രൊജക്ട് നം. 190/17 നെടുമ്പറമ്പ് എട്ടിയാട്ടിൽ പള്ളി റോഡ് | 4,72,734 | 7266 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 19496737 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 1979120 |
| ആകെ | 21475857 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21475857 |

(2016-17)വർഷാവസാനം തിരുരങ്ങാടി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, വെളിമുക്ക് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് എന്നിവടങ്ങളിൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്ര.ന | നിക്ഷേപത്തിന്റെ | ബാങ്കിന്റെ പേര് | തുക(₹) | രശീതി നമ്പർ |
|---|---|---|---|---|

| | വിവരം | | | |
|---|---|---|---|---|
| 1 | സ്ഥിര നിക്ഷേപം (FD) | വെളിമുക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3790870 | 2475/13-01-12 |
| 2 | സ്ഥിര നിക്ഷേപം (FD) | വെളിമുക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1620213 | 2168/01-08-11 |
| 3 | സ്ഥിര നിക്ഷേപം (FD) | വെളിമുക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 8101062 | 2166/01-08-11 |
| 4 | സ്ഥിര നിക്ഷേപം (FD) | വെളിമുക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 3345088 | 2986/28-09-12 |
| 5 | സ്ഥിര നിക്ഷേപം (FD) | വെളിമുക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 2430318 | 2167/01-08-11 |
| 6 | സ്ഥിര നിക്ഷേപം (FD) | തിരൂരങ്ങാടി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 553727 | 8499/17-01-11 |
| 7 | സ്ഥിര നിക്ഷേപം (FD) | തിരൂരങ്ങാടി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 1086406 | 9806/17-11-11 |
| 8 | സ്ഥിര നിക്ഷേപം (FD) | തിരൂരങ്ങാടി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 408716 | 5432/10-09-2008 |
| 9 | സ്ഥിര നിക്ഷേപം (FD) | തിരൂരങ്ങാടി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 139457 | 2331/27-04-2013 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 8637/- രൂപ ഈടാക്കിയിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. / തീയ്യതി |
|---|---|---|---|---|
| 2012-13 | 3(7) | 8637 | ശ്രീ.മൈമൂന കെ ടി ICDS സൂപ്പർവൈസർ | 11602100076/04.04.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2002 ഖണ്ഡിക.നം.18 | 2004-05 ഖണ്ഡിക.നം.3.10.1.7 | പദ്ധതിപണം നിക്ഷേപമായി കുടിവെള്ളമെത്തിയില്ല | നിയമസഭാസമിതി നാളിതുവരെ പരിഗണനക്കെടുത്തിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68960621 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 60559931 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28400 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6089826 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 3600 | ശ്രീ ഈസാ അരീക്കാടൻ, മെഡിക്കൽ ഓഫീസർ |
| 3_10 | 24800 | ശ്രീ പ്രഭാകരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 28400 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 125578 | ശ്രീ. മോഹൻകുമാർ.ടി.വി., ഹെഡ്മാസ്റ്റർ |
| 3-9 | 400000 | ഡോ. ഈസ അരീക്കാടൻ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-11 | 38815 | ശ്രീ പ്രഭാകരൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-12 | 5525433 | ശ്രീ നാരായണൻ എം , സെക്രട്ടറി |
| ആകെ | 6089826 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ- ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഈസാ അരീക്കാടൻ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, തേഞ്ഞിപ്പലം ഗ്രാമ പഞ്ചായത്ത് | പടിക്കത്തൊടിക, ഓ.പി ഹൗസ്, കക്കാട്ടും പുറം എ ആർ നഗർ – 673305 |
| ശ്രീ പ്രഭാകരൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കോഡൂർ ഗ്രാമ പഞ്ചായത്ത് | കുറിഞ്ഞിക്കാട്ടിൽ ഹൗസ്, ഇരിങ്ങല്ലൂർ പി ഒ , 676304 |
| ശ്രീ നന്ദകുമാർ പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മൂന്നിയൂർ ഗ്രാമ പഞ്ചായത്ത് | പൈക്കാട്ട് ഹൗസ്, അരിയല്ലൂർ പി ഒ, മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | | |
| 1994-95, 95-96 | എൽ എഫ് എം 11/895/99 തിയ്യതി 26.10.10 | 10 |
| 1996-97 | എൽ എഫ് എം 11/627/02 തിയ്യതി 26.10.10 | 1 |
| 1997-98 | എൽ എഫ് എം 11/628/02 തിയ്യതി 26.10.10 | 9 |
| 1998-99 | എൽ എഫ് എം 11/629/02 തിയ്യതി 26.10.10 | 4 |
| 1999-00 (വരവ്) | എൽ എഫ് എം 17/483/07 തിയ്യതി 26.10.10 | 5 |
| 1999-02 (പദ്ധതി ചെലവ്) | എൽ എഫ് എം 14/878/04 തിയ്യതി 26.10.10 | 25 |
| 2000-01 | എൽ എഫ് എം 17/485/07 തിയ്യതി 26.10.10 | 4 |
| 2001-02 | എൽ എഫ് എം 17/486/07 തിയ്യതി 26.10.10 | 4 |
| 2002-03 | എൽ എഫ് എം 17/944/08 തിയ്യതി 26.10.10 | 6 |
| 2003-04 | എൽ എഫ് എം 17/604/09 തിയ്യതി 26.10.10 | 5 |
| 2004-05 | എൽ എഫ് എം 17/946/08 തിയ്യതി 26.10.10 | 2 |
| 2005-06 | എൽ എഫ് എം 15/1347/11 തിയ്യതി 28.10.11 | 12 |

| | | |
|---|---|---|
| 2006-07 | എൽ എഫ് എം 15/1721/11 തിയ്യതി 22.03.12 | 25 |
| 2007-08 | എൽ എഫ് എം 15/1523/11 തിയ്യതി 14.02.12 | 16 |
| 2008-09 | എൽ എഫ് എം 15/1524/11 തിയ്യതി 21.02.12 | 21 |
| 2009-10,10-11 | എൽ എഫ് എം 15/1750/13 തിയ്യതി 20.11.13 | 22 |
| 2011-12,12-13 | എൽ എഫ് എം 15/263/14 തിയ്യതി 11.06.14 | 19 |
| 2013-14,14-15 | എൽ എഫ് എം 15/777/16 തിയ്യതി 14.05.16 | 26 |
| 2015,16 | നം കെ എസ് എ.എംപിഎം.15/3001/2016 തിയ്യതി: 05.12.2016 | 8 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എംഎ.7/17

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.15/1564/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 26-07-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

എം.എ.7/17

## അനുബന്ധം-2

# AUDIT CERTIFICATE

No.KSA/MPM.15/1564/2017

Kerala State Audit Department
District office ,Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in

Date: 26-07-2017

Certified that I have audited the Annual Financial Statement of Moonniyoor Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Moonniyoor Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director
State Audit Department
Malappuram